RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY) : Sir, I am very grateful to the House for the very complimentary way in which my demand was received. With the solitary exception of Mr. Janardanan Nair, I see the rest of the House has granted and I thank Mr. Janardanan Nair also for the expression of his views. 'Praise loudly criticise softly' I see that has been characteristic of the debate this morning. Mr. Janardanan Nair has very lightly judged me and I am thankful to him also.

There has been much interest centered round the Club affair. As I was listening to Mr. Janardanan Nair, I was reminded of the logic in the anecdote quoted the other day by his closest neighbour Mr. Narayana Kurup. He said "Muslim—Kayamkulam—was the complaint-hang him by the tallest tree" · Likewise, club for the Police to be named after Abdul Karim—it must be squashed. That seems to be the logic of my friend Mr. Janardanan Nair. Let me come to the history of the Club, and what exactly was done with regard to this club. I do not claim any originality for this club idea. It was started in 1931 by Mr. Bishop. He started collecting money from the officers of the force. At the end of the year he found that he had collected only Rs. 232, which is now in the treasury. A club and a library with Rs. 232 you all know, how difficult it will be to manage it. And then he left. After he left the club idea languished and now it is in suspended animation. After I came I took up the idea. I examined and found that a club was a desideratum. In each of the British Indian Districts there is a Police Club. In the Tinnevelly District there is a Hamilton Club. In Madura there is the Ramanuja Aiyangar Club. Mr. Ramanuja Aiyengar was Police Commissioner here. So I took up the idea, least expecting that it was going to be given my name. I wanted the club. I did not want it alone. I wanted something else. That club is for the officers, but I wanted something for the under-dogs, for the lower men. When I visited the stations I found that my constables were heavily indebted. The children of the constables were hardly given any higher education. I thought and thought over it how best I could help them. I conceived the idea when I was told that we have some policemen who could act very well, that we shall have a dramatic party after the party which has indeed been working for over 25 years in the Madras Secretariat and in other places. We all know how that Madras Secretariat Club has helped a number of a social, religious and educational institutions. Likewise I thought—

PRESIDENT : The honourable member may remember that there is an adjournment motion in the Legislative Council regarding the Madras Secretariat Club suggesting that members of the Secretariat and the Secretaries to Government exercise undue influence over all the District Officers in the Madras Presidency.

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY : And yet, Sir, it survived under your patronage. It was able to collect lakhs of rupees) and it contributed to the Ramakrishna Mission and other institutions. Sir, I thought that if I could

raise a troupe like this, we would be able to collect some money and I can have a sort of co-operative effort to advance small loans to my policemen who are now in the hands of money lenders. If I could lend them small amounts at a nominal rate of interest it would relieve them from the clutches of the grasping money lenders. I could invest the money already collected in the Government treasury. I could add a quarter per cent. to it and lend it to my policemen and give them help. Likewise I could give some scholarships to the sons and daughters of my policemen so that they might have higher education. I have noticed that if a policeman or anybody in his family falls ill and if the illness continues for sometime, the man is not able to maintain himself and his family. I thought that I could give some money out of this to give them relief. So it is that I concede this idea of having a club, a club for the officers with a library, a reading room, some outdoor and some indoor games, so that I may bring the public also to the club with a view to having more co-operation and more contact between the public and the police, and side by side with it, to do something for the smaller police officers. What is wrong in this? Then I did not want to go to Government and ask for financial help. I saw a note left by one of my predecessors, Mr. Bishop. The Government had approved the institution of a club. Not only that. The note says that the Government said that they would financially also help the club. I thought myself that I should not go to Government for such help. Government have so many things to attend to. Why should I go to Government for this purpose? Why not I raise the money like the Madras Secretariat Club and attend to these two things? So it was that I went to Government for permission to allow my people to run this club.

MR. KOTTALIL P. ABRAHAM: Who is administering this club?

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: I am coming to that Sir. There is a committee for the purpose. Obviously the committee wanted to flatter me by naming the club after me. But Sir, they counted without the hosts. I have never been a member of any club in British India or even here. European clubs have wanted me to become a member. But I did not. Out of place I am everywhere. At home I am nowhere. These were the answers that I gave to my good friend Mr. Chandrasekharan. Mr. Chandrasekharan thought that I am one of the most miserly people going and he even offered to pay my subscription. I said..."No." Well, Sir, when this was the case with me, it would be incongruous that this club should be named after me. Further there should be no mention of my inglorious name in connection with this club. There I agree with Mr. Janardhanan Nair. It is alright to associate with it the name of His Highness the Maharaja. Then it will live for thousands of years. It is alright to associate with it the name of Sachivottama Sir C. P. Ramaswami Aiyar and the club will live for thousands of years.

PRESIDENT: Order, order.

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: Memorials I can understand, but not for an officer Karim. So it is, Sir, that I went to the Head of the Administration and said--let me be saved from this. The matter was taken up by him and he said that he will give me a solution. You all know that story of the Hamilton Bridge in Madras. Some admirers of a certain Hamilton conceived the idea of having a bridge in Mylapore to be named after him. What happened was that Hamilton in course of time became *ambattan* (Barber). This went again to the English language and became barber and now the name of the bridge is Barber's bridge. Thus what was known as Hamilton bridge has come to be called Barber's bridge. Possibly if the Police Club here is named 'Abdul Karim Club,' it might come to be known after some time as Cream Club.

PRESIDENT: More likely, Crime Club. (*Laughter.*)

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: It is quite possible, Sir. Therefore it is that I did not want my name being given to the club. I might tell you Sir, that I have no ambition in life and much less in service. Before I came here four States offered me the Police Commissioner-ship. I declined all of them. A few months before the War was declared I was offered a place in the Government of India carrying twice the pay that I get here and my answer was—'I decline.' My master brought me down here and he has put me on the deck and I am going to be on the deck even if it burns, which God forbid, and cry like Casabianca "Say father, say master, if I may leave the deck."

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether there was any proposal to set apart a few rooms of the proposed club for the use of the public?

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: Yes, Sir. The idea was to have a set of rooms for police officers coming from outside Trivandrum or from outside the State and also for the public. My idea is to see that the public and the police are freely commingling, so that the sort of separation that now exists between these two may be minimised as far as possible.

MR. N. NARAYANA KURUP: Sir, I was asking a question whether the Inspector-General of Police will on no account leave this State. "ഒരിക്കലും ഇവിടെ നിന്നും പോകാൻ നിശ്ചയിച്ചിട്ടില്ലെന്നാണോ ഉദ്ദേശം"

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: That is not it. I am a soldier. The master has put me in my post of duty and I will not quit. You may start rumours that the Inspector-General of Police is going to retire or has gone on 6 months' leave—

PRESIDENT: Order, order. I do not think that the hypothetical question of the six months' leave need be discussed.

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: It has been mentioned here in this honourable House.

MR. PADIYARA JOSEPH KUNJU : ഇങ്ങനെയുള്ള റിപ്പോർട്ടുകളെ ബേസ്സ് ചെയ്താണ് സി. ഐ. ഡി. വകുപ്പുകാർ റിപ്പോർട്ടുകൾ നൾകുന്നതെന്നു പ്രസ്താവിക്കാൻ ദയവുണ്ടാകുമോ?

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: Well, I was about to answer Mr. Velu Pillai. I never act on any single independent C. I. D. report. I always go on independent reports from Mr. Padiyara Josephkunju and other people. (*Laughter.*)

MR. PADIYARA JOSEPHKUNJU: അങ്ങനെയാണെങ്കിൽ സി. ഐ. ഡി. വകുപ്പുകാരെ വച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണം സദയം പ്രസ്താവിക്കുമോ?

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: Well C. I. D. is a necessary evil. As Mr. C. Rajagopalachariar mentioned on the floor of the Madras Legislature there has been no time in human history when there has been no C. I. D. They must be there. Man needs espionage. They must be there and they have their own function.

MR. K. G. GOVINDAN: Am I to understand that Mr. Josephkunju is considered to be a member in that C. I. D.?

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: Absolutely not. But I may tell you that it is a very noble profession. Last time I think I said that the late Bal Gangadhar Tilak was a police informant. I think I mentioned this in the Rotary Club. You will be surprised to hear how it was...........

MR. M. SIVATHANU PILLAI: Sir, I question the statement made by the Inspector-General of Police. Bal Gangadhar Tilak was never a police informant.

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: Sir, the member has not yet heard my view of it. If he hears, he will take his hat off before me. When the police were giving all sorts of reports, Bal Gangadhar Tilak said if ever you want information, you come to me and he started giving the right information.

MR. M. SIVATHANU PILLAI: That is not saying that he was a police informant.

PRESIDENT: Evidently the fact that there is some distinction between informant and informer is not realised.

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: Sir, there is a certain amount of evil association with the word 'informer.'

PRESIDENT: The honourable member has exactly three minutes more to finish his speech.

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: Mr. Janardhanan Nair mentioned the case of Alleppey. He said that there must be coercion in the collection. Well, I must leave him to his neighbour, the honourable member Mr. Narayana Kurup. He was present and he made a very memorable speech about the police, about their work and about their chief also to some extent. If any hanky panky had been committed there, of all men, Mr. Narayana Kurup is not the man to spare me even though he is a good friend of mine. He would have been the first person to speak about it. On the other hand I have his speech on record. He has eulogised the police. Now, I can understand Mr. Janardhanan Nair's attitude. Sir, it is a case of two foxes aiming at grapes. The police fox aimed at the grapes and got them. Immediately after the Police held the drama at Quilon, the labour people there, encouraged by Mr. Janardhanan Nair and his friends held a drama and it is very unfortunate that they failed to realise any money. So, I can very well understand his chagrine.

MR. PADIYARA JOSEPHKUNJU: ഈ സഭക്ക് വെളിയിൽ നടക്കുന്ന സംഗതികൾ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷൻ പരസ്യമായിട്ടു പ്രസ്താവിക്കുന്നതു ശരിയാണോ?

MR. KANNANTHODATH JANARDANAN NAIR: May I know when that drama was staged, because I do not remember to have staged any drama in aid of the labour or any other association and to have collected any funds from the public?

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: There have been collections Sir. Even a good soul like Mr. K. G. Parameswaran Pillai was asked to help and like the good soul that he is, he helped them. You cannot shut your eyes against these things.

MR. KANNANTHODATH JANARDANAN NAIR: May I know the name of that drama?

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: It was nameless. It was organised by the labour people and the honourable member started the collection and he failed miserably. I am very sorry for it. (*Interruption.*) I do not yield. I have got only a very short time. If the honourable member comes to me later on I shall answer any number of his questions.

MR. PADIYARA JOSEPHKUNJU: സർ, ഈ സഭയ്ക്കു വെളിയിൽ നടക്കുന്ന സംഗതികളെപ്പററി ഇവിടെ പ്രതിപാദിക്കുന്നതു് ശരിയാണോ എന്നു ഞാൻ വീണ്ടും ചോദിക്കുന്നു.

PRESIDENT: Order, order. The question does not evoke any point of order or any decision on a point of order. There has been a certain attack on the Head of the Department for conniving at the corrupt practices on the part of his subordinates. He is defending

himself. Khan Bahadur Abdul Karim in the course of defending himself is apt, as we all know, to hit hard. If it was unparliamentary, I should have stopped him. What he says is that in all probability the failure of some other function led the originators of the function to level this charge. It is now challenged. Mr. Janardhanan Nair denies all knowledge of a drama, he denies all knowledge of his having been connected with any drama, denies that labour organised any drama. That is the point, is it not?

MR. KANNANTHODATH JANARDHANAN NAIR: Yes, Sir.

PRESIDENT: So those are three definite statements that have been made. There is first of all no time for this investigation to proceed on the floor of the House. The matter will be looked into by the Inspector-General of Police but at this moment he may refrain from dealing with this question.

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: The challenge of the honourable member has been accepted by me. As I said, to guard against this kind of corruption and hanky-panky, I sent a special superior officer of the grade of A. I. G. with the party. I wanted him to bear in mind two things, honesty and morality. I said that he should receive not a pie beyond what he would collect by way of selling tickets that should go to the fund. Mr. Thankal Musaliar who was so happy that he sent Rs. 200 and Mr. Makkar Pillai too sent Rs. 100 or Rs. 200 to me. But for the moment these amounts came to me I returned them saying I do not take any donation or subscription and that I will take only what comes through sale of tickets and nothing but tickets. It may be that some people have paid Rs. 5 for five tickets and only one may have gone to the drama. For instance Mr. Sivathanu Pillai said that he paid Rs. 5 for the tickets but did not attend the drama. It may be. It is not my fault, if people having purchased the tickets did not attend. So I took jolly good care to see that no complaint comes to me from any quarter. I asked Mr. Janardhanan Nair how it is that he did not bring this to my notice earlier. He comes to me very often and whenever he is in trouble his father comes to me. I ask why he did not bring this matter to my notice earlier. If he had done so I could have taken it up immediately.

MR. KANNANTHODATH JANARDHANAN NAIR: Sir, I want to offer a word of personal explanation. The honourable member has made a statement imputing my character.

PRESIDENT: No honourable member is entitled to say that Mr. Janardhanan Nair who often goes to the Inspector-General of Police and who goes with his father to meet him should also have brought this to his notice. He is perfectly right.

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: Sir, I am here to come to the help of anybody. Even if a dog in the street were to shout "I. G. I am in trouble, please come to my help". I will immediately go to the help of that dog. Today two

[Rajyasevapravina Khan Bahadur G. S Abdul Karim Sahib Suhrawardy]

of my children are laid up with typhoid and I am attending notwithstanding that, to everything relating to official business. Not one paper is left unseen by me.

PRESIDENT: Order, order.

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: Sir, I have sold myself to my master; my master brought me here and put me in my post of duty and I am not going to leave my work. I know I am being paid sufficiently well. If any complaint comes to my notice I look into it myself. Even anonymous petitions I read through. I am very sorry Sir, that the honourable member did not bring the matter to my notice though he has met me often since.

PRESIDENT: The honourable member has only two minutes more.

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: I think I have talked about the club. As regards the increase in crime, I have locked into the figures in all the surrounding districts. Everywhere there has been an abnormal increase, not only here but all over India. That is due to the times, scarcity of food supplies, the war and so many other things. But you have to judge about the work of the department by the detection work done by it. Kindly turn to page 17 and you will find, Sir——

PRESIDENT: Order, order. The time for the Demand is over.

MR. K. KUNJU PANICKER: I do not press the motion.

The motion was, by leave, withdrawn.

The question that Government be granted a sum of Rs. 9,82,357 under Demand XVI—Police was put and carried.

The Demand was passed and the grant was made.

The following motions lapsed for want of time limit.

MR. KAVIYOOR K. K. KOCHUKUNJU:

236. To reduce the allotment of Rs. 90,385 for Superintendence by Re. 1.

SRIMATI T. NARAYANI AMMA:

237. To reduce the allotment of Rs. 90,385 for Superintendence by Rs. 5.

MR. P. V. MATHAI CHEMPARATHY:

238. To reduce the allotment of Rs. 90,385 for Superintendence by Re. 1.

MR. K. KUNJU PANICKER

239. To reduce the allotment of Rs 90,385 for Superintendence by Re. 1.

MR. N. NARAYANA KURUP:

240. To reduce the total allotment of Rs. 9,82,357 under Demand XVI by Rs. 10.

MR. P. KUNJUKRISHNAN:

241. To reduce the total allotment of Rs. 9,82,357 under Demand XVI by Re. 1.

The House adjourned for lunch at 1 P. M. and reassembled at 2 P. M. with the Dewan-President in the Chair.

DEMAND XVII—PORTS.

RAJYASEVAPRAVINA G. PARAMESWARAN PILLAI: Sir, I rise to move for a grant of Rs. 21,870 under Demand XVII—Ports.

The question that Government be granted a sum of Rs. 21,870 under Demand XVII—Ports was put and carried.

The Demand was passed and the grant was made.

MR. C. V. CHANDRASEKHARAN: Sir, I rise to move for a grant of Rs. 8,50,000 under Demand XVIII—Education—Government grant to the Travancore University

Motion 242.

MR. P. NARAYANA PILLAI: Sir, I move to omit the allotment of Rs. 8,50,000 under Demand XVIII to discuss the necessity of giving due prominence to Malayalam language. We are proud of having a separate University for us. But it is lacking in one essential point, that is, due importance is not given to Malayalam.

MR. S. CHATTANATHA KARAYALAR: Sir, I rise to a point of order. May I know whether the Government grant to the University can be discussed by means of a motion to omit the total allotment? It is usually done by one rupee cut.

MR. PUTHUPALLY S. KRISHNA PILLAI: The practice is to discuss motions of this kind under a token cut. But a practice has grown up, particularly with reference to the University grant, to discuss token motion for the omission of total grant. The practice, though not warranted by any standing order, nevertheless was adopted last year.

PRESIDENT: What was the origin of it?

MR. PUTHUPALLY S. KRISHNA PILLAI: When the question was raised last year, the University being an autonomous body, it was pointed out that the honourable members had no right to discuss and sanction expenditure for each item. But nevertheless it was maintained that this House is privileged to discuss any question of policy for the guidance of the University.

MR. C. V. CHANDRASEKHARAN: During last year's discussion you gave a ruling that token motions should take precedence over motions for the reduction of total allotment.

PRESIDENT: The position as envisaged last year when I had to consider the question was this. The University gets a lump sum grant from Government with the sanction and approval of this Honourable House. The University is a statutory body and has certain powers and jurisdiction vested in it. I believe it was Mr. Velayudhan Pillai who raised this question first as to the limits within which there could be scrutiny or investigation of the outlay of the University. I believe too that I ruled—I am speaking subject to correction—that it did not really matter whether the motion was put forward as a token motion or a motion for the omission of the total grant because the question was simply this. This House might give its opinion upon certain matters in which it considers that a departure from the present policy of the University might be effected and it might penalise or seek to penalise the non-compliance of the University with those requests by saying that the University should not be granted any amount or should be granted a lesser amount. But I pointed out that the details of expenditure, that is, item by item as in the case of other departments would not be the proper course for the disposal of the demand by the House. That was my ruling. Whether that involves any principle with regard to the precedence of token motions is a matter on which I should have further elucidation.

MR. PUTHUPALLY S. KRISHNA PILLAI: The token motion has to be given precedence to motion for total omission.

PRESIDENT: The whole thing is covered in my ruling. My ruling was as follows:—

> "As a matter of legislative procedure and in order to focus attention on particular topics, the practice current both in Parliament and in the Indian Legislatures is to adopt a token motion as an expedient. But neither Parliament nor the Indian Legislatures have negatived the possibility of an honourable member saying that there should be no provision for the University."

That was my first ruling.

> "Both as a matter of convenience and as a matter of principle, those questions which can be dealt with in detail and as to which a deduction can be made might be more conveniently dealt with because if a token motion was carried, it might also affect the final cut motion. The order of printing is a matter of procedure for which the member is not responsible. So, now and here after, if there are token motions and also motions for the total omissions of the grant, the token motions will take precedence."

So token motions will be first taken up.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I may also bring to your kind notice paragraph 170 (4) of the Sri Mulam Assembly Manual, page 50, which reads thus:—

> "No motion shall be made for the reduction of a grant as a whole until all the motions for the omission or reduction of definite items within the grant have been discussed".

PRESIDENT: Yes.

Motion No 243.

MR. KAVIYOOR K. K. KOCHUKUNJU: സർ, യൂണിവേഴ്സിററിക്കു നീക്കിവെച്ചിട്ടുള്ള ഗവണ്മെൻറു ഗ്രാൻറായ ൯,൫൦,൦൦൦ രൂപയിൽ നിന്നു് ഒരു രൂപ കുറക്കണമെന്നുള്ള ഉപക്ഷേപം ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറയും ഈ സഭയുടേയും ദയവേറിയ ശ്രദ്ധക്കു ഞാൻ വിധേയമാക്കുന്നു. സർ, ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു് നീതിജ്ഞനും അതിസമർത്ഥനുമായ പ്രോ-വൈസ്-ചാൻസിലർ അവർകളുടെ ഭരണത്തെ അപലപിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അല്ലായെന്നുള്ള പരമാർത്ഥം ആദ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ. പബ്ലിക്ക് സർവീസിലും അതേപ്രകാരംതന്നെ മറെറല്ലാ ഗവണ്മെൻറു പൊതുസ്ഥാപനങ്ങളിലും സീമാതീതമായ അസമത്വം അനുഭവിച്ചുപോരുന്ന ഇവിടത്തെ ന്യൂനപക്ഷസമുദായങ്ങളിൽ, അഥവാ മററു ഹിന്ദുക്കളിൽനിന്നുള്ള അപേക്ഷകന്മാരെ യൂണിവേഴ്സിററിയിൽ ക്ലാർക്കന്മാരായും, അററൻറന്മാരായും, പ്യൂൺസായും, നിയമിക്കേണ്ടതിൻെറ ആവശ്യകത ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ സവിശേഷമായ ശ്രദ്ധയിൽപ്പെടുത്തണമെന്നേ ഞാൻ ഈ ഉപക്ഷേപംകൊണ്ടു് ആഗ്രഹിക്കുന്നുള്ളു. സർ, ഇവിടത്തെ ഓരോ സമുദായത്തിനും പബ്ലിക്ക് സർവീസിൽ സംഖ്യാനുപാതികമായ

പ്രാതിനിധ്യവിതരണം ചെയ്യുവാൻ വേണ്ട വ്യവസ്ഥകളും ഉദ്ദേശാനുസരണം ഒരു പബ്ലിക്ക് സർവീസ് ഡിപ്പാർട്ടുമെൻറും ഉള്ളപ്പോൾ ഇപ്രകാരമുള്ള ഒരു ഖണ്ഡനോപക്ഷേപത്തിൻെറ ആവശ്യകത എന്താണെന്നു പലർക്കും സംശയം തോന്നിയേക്കാം. ഏതെല്ലാം നിയമങ്ങളും ഇങ്ങനെയൊക്കെയുള്ള ഡിപ്പാർട്ടുമെൻറുകളും ഉണ്ടായിരുന്നാലും അതു് ചില സമുദായങ്ങൾക്ക് അപ്രകാരമുള്ള വകുപ്പുകളിൽ ഫലിക്കുന്നില്ലെന്നുകണ്ടാൽ അസമത്വപരിഹാരാർത്ഥം പ്രവേശിച്ച് അസമത്വം അനുഭവിക്കുന്ന സമുദായങ്ങൾക്ക് അനുയോജ്യമായ സാഹചര്യങ്ങളും സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള പരമാധികാരം ബഹുമാനപ്പെട്ട ഗവൺമെൻറിന് എപ്പോഴുമുണ്ടെന്നുള്ള എൻെറ വിശ്വാസമാണ് എന്നെ ഈ ഉപക്ഷേപം അവതരിപ്പിക്കുവാൻ പ്രേരിപ്പിച്ചിട്ടുള്ളതു്. സർ, എനിക്കിവിടെ ബഹുമാനപ്പെട്ട ഗവൺമെൻറിനെ വിനയപൂർവം അറിയിക്കുവാനുള്ളതു് പബ്ലിക്ക് സർവീസിൽ പ്രത്യേക പരിഗണന ലഭിച്ചിട്ടില്ലാത്തതും ഹിന്ദുസമുദായത്തിൽപ്പെട്ടതുമായ ന്യൂനപക്ഷ ഹിന്ദുക്കളെക്കുറിച്ചു മാത്രമാണ്. ഹിന്ദുസമുദായത്തിൽ ഏതാണ്ട് അഞ്ഞൂറോളം ജാതികളുണ്ടെന്ന് ൧൯൩൧-ലെ സെൻസസ്സ് റിപ്പോർട്ട് തെളിയിക്കുന്നുണ്ട്. അതിൽ ആറോ ഏഴോ സമുദായങ്ങൾക്കു മാത്രമേ ഇവിടത്തെ പബ്ലിക്ക് സർവീസിൽ പ്രത്യേക പരിഗണന ലഭിച്ചിട്ടുള്ളു. മററു സകല സമുദായങ്ങളും മററു ഹിന്ദുവിഭാഗത്തിൽപ്പെട്ടവരാണെന്ന് നമുക്ക് ന്യായമായി അനുമാനിക്കാം. മററ് ഹിന്ദുക്കൾക്ക് നിലവിലിരിക്കുന്ന നിയമപ്രകാരം ലോവർ ഡിവിഷനിൽ നിയമപ്രകാരം രണ്ട് ഉദ്യോഗങ്ങൾ മാത്രമാണുള്ളതു്. വിദ്യാഭ്യാസം കൊണ്ടും സാമ്പത്തികനിലകൊണ്ടും മററ് ഹിന്ദുവകുപ്പിൽ വിവിധരീതിയിൽ ഉള്ളതു് സംസ്ക്കാരംകൊണ്ടും വളരെ ഉന്നതിപ്രാപിച്ചിട്ടുള്ള അനേകസമുദായങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അവരുടെ കൂട്ടത്തിൽ ഇപ്പോൾ വച്ചിട്ടുള്ള രണ്ടുദ്യോഗങ്ങളിൽ ഒന്നെങ്കിലും കരസ്ഥമാക്കുവാൻ ഞങ്ങളെപ്പോലെയുള്ള അവശസമുദായങ്ങൾക്ക് സാദ്ധ്യമാണോ എന്ന് അവിടുന്നുതന്നെ ദയാപൂർവം ചിന്തിക്കണം. സർ, നമ്മുടെ യൂണിവേഴ്സിററിയെക്കുറിച്ച് എന്തെങ്കിലും ആക്ഷേപം പറയുന്നതിന് എനിക്ക് അതിയായ വ്യസനമുണ്ട്. ന്യൂനപക്ഷഹിന്ദുക്കളിലുള്ള ഉദ്യോഗാർത്ഥികളെ സംബന്ധിച്ചുനോക്കുകയാണെങ്കിൽ എൻെറ മാന്യസ്നേഹിതനായ മി: കെ. ആർ. നാരായണൻ അവർകൾ മുമ്പൊരിക്കൽ പറഞ്ഞതുപോലെയുള്ള ഒരനുഭവമാണ് എനിക്കുണ്ടാകുന്നതു. അതായതു് വിവാഹമോഹിതയായ ശൂർപ്പണഖ വിവാഹാപേക്ഷയോടുകൂടി രാമലക്ഷ്മണന്മാരുടെ അടുക്കൽ അങ്ങോട്ടും ഇങ്ങോട്ടും

[Mr. Kaviyoor K. K. Kochukunju.]

നടക്കുന്ന അനുഭവംതന്നെ. പ്രോ-വൈസ്ചാൻസിലരെക്കണ്ടു് അപേക്ഷകന്മാർ ഉദ്യോഗാർത്ഥം അപേക്ഷകൾ സമർപ്പിക്കുമ്പോൾ റിസർച്ച് ഡയറക്റ്റർ അവർകളെ കാണാൻ പറയും. അദ്ദേഹത്തെക്കണ്ടാൽ രജിസ്ട്രാരെ കാണുവാൻ പറയും. രജിസ്ട്രാരെ കാണുമ്പോഴെല്ലാം ഒഴിവില്ലാ ഒഴിവില്ലായെന്നു പറയും. അതേ സമയം സ്വന്തത്തിലും ബന്ധത്തിലും പെട്ടവരും അവർക്കാവശ്യമുള്ള മററു് ആളുകളെയും സംഖ്യയില്ലാതെ നിയമിക്കയും ചെയ്യും. അവർക്കു് നിയമിക്കേണ്ടവരെയെല്ലാം നിയമിക്കുകയും ചെയ്യും. സർ, അങ്ങയുടെ മഹനീയസാന്നിദ്ധ്യമുള്ളപ്പോൾ ഇവിടത്തെ ന്യൂനപക്ഷസമുദായങ്ങൾ ഇപ്രകാരം സങ്കടം അനുഭവിക്കേണ്ടിവന്നാൽ അങ്ങയുടെ അസാന്നിദ്ധ്യത്തിൽ ഞങ്ങളുടെ സ്ഥിതി എന്തായിരിക്കും. പക്ഷേ ഈ രാജ്യത്തെയും, രാജ്യവാസികളേയും കുറിച്ചു് വേണ്ടവിധം പരിജ്ഞാനം സിദ്ധിച്ചിട്ടുള്ള അതിസമർത്ഥനായ ഒരു ചീഫ്സെക്രട്ടറിയെ ഞങ്ങൾക്കു് സ്ഥിരപ്പെടുത്തിതന്നിട്ടുള്ളതുകൊണ്ടു മാത്രമുള്ള സംതൃപ്തിയും സമാധാനവുമേ ഞങ്ങൾക്കുള്ളു. ഇവിടത്തെ അസമത്വസമുദായങ്ങൾക്കു് ഒരു ശോഭനഭാവിയുണ്ടാകുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഞാൻ യൂണിവേഴ്സിററിയിലെ നിയമനകാര്യങ്ങളെപ്പററി ചിന്തിക്കുമ്പോൾ പരീക്ഷാസർട്ടിഫിക്കററിനുകൂടി ജാതിവ്യത്യാസമുണ്ടോയെന്നു തോന്നിപ്പോകുന്നു. ഇതു് ഹൃദയവേദനയോടെ ചിന്തിക്കുവാനേ ഞങ്ങൾക്കു കഴിയുന്നുള്ളു. ഞാൻ വൃഥാ പറയുന്നതല്ല. ഒരേ പരീക്ഷ ജയിച്ച ഉയർന്നതും താണതുമായ സമുദായങ്ങളിലെ രണ്ടുപേർ ഒരേ ഉദ്യോഗത്തിൽ നിയമിച്ചാലും ജാതിയുടെ വലിപ്പച്ചെറുപ്പമനുസരിച്ചു് ശമ്പളസ്കെയിൽ വച്ചിരിക്കുന്നതുകാണാം. സർ, അനവധി ഉദാഹരണങ്ങൾ എനിക്കു പറയുവാനുണ്ടു്. ഞാൻ പ്രതിനിധീകരിക്കുന്ന വർണ്ണവസമുദായത്തിൽ വേലർ എന്നറിയപ്പെടുന്ന വിഭാഗത്തിൽപ്പെട്ട ഒരാൾ ശാസ്ത്രിപരീക്ഷ പാസ്സായി; ബി. ഏ. പാസ്സായി; ഇപ്പോൾ എം. ഏ പാസ്സായി. എന്നിട്ടു് ആ സാധുവ്യക്തിക്കു് കേവലം ഏഴാം ക്ലാസ്സ് പാസ്സായവർക്കു് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ നൽകിവരുന്ന ശമ്പളമാണിപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നതു്. ഈ അസമത്വസമുദായത്തിൽനിന്നും ഇത്രയും പരീക്ഷായോഗ്യത സിദ്ധിച്ചതായി തിരുവിതാംകൂറിലെന്നല്ല ഇൻഡ്യ മുഴുവൻ നോക്കിയാലും ഈ ഒരാൾ മാത്രമേ ഉള്ളു എന്നു് പറയുന്നതു് ഒരു പരമാർത്ഥം മാത്രമായിരിക്കും. അദ്ദേഹത്തെ വേണ്ടവിധം പ്രോത്സാഹിപ്പിക്കുന്നതു് ഞങ്ങളുടെ വിദ്യാഭ്യാസപുരോഗമനത്തിനു് സാരമായ ഒരനുഗ്രഹമാണു്. പരീക്ഷായോഗ്യതയുള്ള അവശസമുദായങ്ങളിലെ സാധുക്കളായ ഉദ്യോഗാർത്ഥികളെ

വേണ്ടവിധം പ്രോത്സാഹിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ഗവണ്മെൻറ് സന്നദ്ധത പ്രകടിപ്പിച്ചില്ലെങ്കിൽ സാധുസമുദായങ്ങളുടെ വിദ്യാഭ്യാസപുരോഗതിക്ക് അതു് ഒരു സാരമായ തടസ്സംകൂടി ആയിത്തീരുമെന്നതും നിർവിവാദമായ ഒരു സംഗതിയാണല്ലോ. പ്രോ. വൈസ് ചാൻസിലർ അവർകൾ വാസ്തവത്തിൽ നീതിജ്ഞനാണെങ്കിലും യൂണിവേഴ്സിററിയിൽ നടക്കുന്ന അഴിമതികൾ, അല്ലാ അവിടെ നടക്കുന്ന കൊള്ളകൾ, അദ്ദേഹം അറിയുന്നുണ്ടോ എന്നു ഞാൻ ശങ്കിക്കുന്നു. അദ്ദേഹം അറിഞ്ഞാൽ തീർച്ചയായും നീതിനടത്തുകതന്നെ ചെയ്യുമെന്ന് എനിക്ക് വിശ്വാസമുണ്ട്. പക്ഷേ കൃത്യാന്തരബഹുലനായ അദ്ദേഹം അതറിയുന്നില്ല. ഇനിയുമെങ്കിലും അദ്ദേഹത്തിൻെറ സവിശേഷമായശ്രദ്ധ ഈ വിഷയത്തിൽ പതിയുമെങ്കിൽ സാധുസമുദായങ്ങൾ സംതൃപ്തരായി.

സർ, എനിക്കു പറയുവാനുള്ളതു്, പബ്ളിക്ക് സർവീസിൽ പ്രത്യേക പരിഗണന ലഭിച്ചിട്ടില്ലാത്ത മററു് ഹിന്ദുക്കളും അവശരും ആയിട്ടുള്ള സമുദായങ്ങളിലെ സധുക്കളായ ഉദ്യോഗാർത്ഥികളുടെ മേൽ ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ ദയവേറിയ ശ്രദ്ധ പതിഞ്ഞു് നിയമനവിഷയത്തിൽ ഈ സാധുക്കൾക്ക് മുൻഗണന നൽകുവാൻ ദയവുണ്ടാകണം എന്നു മാത്രമാണ്. മേൽപറഞ്ഞ സംഗതിക്ക് ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറയും പ്രോ-വൈസ് ചാൻസിലർ അവർകളുടെയും സവിശേഷമായ ശ്രദ്ധയിൽപെടണമെന്ന് സാദരം അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ പ്രമേയം ഈ സഭയുടെ വിചിന്തനത്തിന് വിധേയമാക്കുന്നു.

MR. K. P. KOCHUKORA THARAKAN : സർ, യൂണിവേഴ്സിററിയിൽ സമുദായപ്രാതിനിദ്ധ്യം അനുവദിക്കണമെന്നുള്ള ഈ പ്രമേയത്തെ ഞാൻ ഹൃദയംഗമമായി പിൻതാങ്ങുന്നു. പബ്ളിക്ക്സർവീസിൽ ഉള്ളതുപോലെ യൂണിവേഴ്സിററിയിലും ക്ലാക്കന്മാരെ നിയമിക്കുന്ന കാര്യത്തിൽ സർവകലാശാലാ പരീക്ഷകളില്ലാതെ ടെക്ക്നിക്കൽ യോഗ്യതകളൊന്നും ആവശ്യമില്ല. എങ്കിലും യൂണിവേഴ്സിററിക്കാര്യം വരുമ്പോൾ നിയമനക്കാര്യത്തിൽ ഒരു പ്രത്യേക പരിഗണനയാണു അവിടെ കാണുന്നതു്. കാളേജുകളിലേക്കുള്ള നിയമനം വരുമ്പോൾ ടെക്ക്നിക്കൽ ക്വാളിഫിക്കേഷന് പ്രത്യേക പരിഗണന നൾകുന്നതിനെക്കുറിച്ചു് മനസ്സിലാക്കുവാൻ പ്രയാസമില്ല. എന്നാൽ ആഫീസിലെ ക്ലാക്കുജോലി ചെയ്യുന്നതിനും സമുദായപ്രാതിനിദ്ധ്യമനുസരിച്ചുള്ള നിയമനം പാടില്ലെന്നു പറയുന്നതിൻെറ അർത്ഥം എന്താണെന്നു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. യൂണിവേഴ്സിററിയെ സമുദായപ്രാതിനിദ്ധ്യ നിയമനത്തിൽ നിന്നും ഒഴി

[Mr. K. P. Kochukora Tharakan.]

വാക്കിയിരിക്കുന്നതിന്റെ ഉദ്ദേശം അമിതമായ പ്രാതിനിധ്യം അനുഭവിക്കുന്ന സമുദായങ്ങൾക്ക് നിയമനസൗകര്യത്തിനുവേണ്ടി മാത്രമാണെന്നാണ് എനിക്കു പറയുവാനുള്ളത്. ടെക്ക്നിക്കലായ വിഷയങ്ങൾക്കല്ലാതെ, എല്ലാ സമുദായക്കാരെയും ഒരുപോലെ നിയമിക്കുവാൻ സാധിക്കുന്ന ക്ലറിക്കൽ ജോലിയിലും അദ്ധ്യാപകവൃത്തിയിലും യൂണിവേഴ്സിററി അധികൃതന്മാരുടെ തന്നിഷ്ടംപോലെ നിയമിക്കുവാനുള്ള സ്വാതന്ത്ര്യം വേണമെന്നുള്ള ഉദ്ദേശത്തിൽ കൂടുതലായി എന്തെങ്കിലും ഉള്ളതായി ഞങ്ങൾക്കു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. യൂണിവേഴ്സിററിയിലെ നിയമനങ്ങളുടെ കാസ്ററുവാർ സ്റ്റേററുമെൻറു ചോദിച്ചാൽ എന്തെങ്കിലും സമാധാനംപറഞ്ഞു് ഒഴിയുന്ന ഒരു പതിവു് ഇന്നു മാത്രമല്ല, ഇതിനുമുൻപും പല പ്രാവശ്യം ആവത്തിച്ചിട്ടുള്ള ഒരു സംഗതിയാണ്. അതുപോലെതന്നെ കാളേജുകളിലും അസമത്വസമുദായങ്ങളിൽനിന്നും പരീക്ഷായോഗ്യതയുള്ളവർക്കു ജോലികിട്ടുന്നില്ലെന്നാണ് പരാതി. എന്നാൽ അഞ്ചോ, ആറോ വർഷം കഴിയുമ്പോൾ ഇന്നു അസമത്വമനുഭവിക്കുന്ന സമുദായങ്ങളിൽ പരീക്ഷായോഗ്യതയുള്ളവർ കൂടെ ഇല്ലാതെയാകത്തക്കവിധമാണ് കാളേജുകളിലെ പ്രവേശനത്തെ നിയന്ത്രിച്ചുവരുന്നതു എന്നു പറയാതെ നിവൃത്തിയില്ല. ഇന്നത്തെ ഇഞ്ചിനീയറിംഗ് കാളേജിലും മററും അസമത്വസമുദായങ്ങൾക്കു പ്രവേശനം കൊടുക്കാതെ തടയുന്നതിന്റെ പ്രധാന ഉദ്ദേശം പരിക്ഷായോഗ്യതയുള്ളവർ ഇല്ലാതെവരണമെന്നു കരുതിയാണെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. അതുകൊണ്ടു് അസമത്വസമുദായങ്ങൾക്ക്, ഞാനുൾപ്പെട്ട സമുദായം അസമത്വമുള്ളതല്ലെന്നാണു ഗവമെൻറു പറയുന്നതു. കുറെ കൂടുതൽ പ്രാതിനിധ്യമുള്ളതാണെന്നും പറയുന്നുണ്ടു്. അതു എങ്ങിനെയും ഇരിക്കട്ടെ. ഇന്നു പബ്ളിക്ക് സർവീസിൽ അസമത്വം ഉള്ളതായ സമുദായങ്ങളെപ്പററിയാണു ഞാൻ പറയുന്നതു്. അവരുടെ ജനസംഖ്യയുടെ കണക്കനുസരിച്ചെങ്കിലും യൂണിവേഴ്സിററിയിലുണ്ടാകുന്ന നിയമനങ്ങളിലും, കാളേജുകളിലെ പ്രവേശനത്തിലും, പ്രത്യേക പരിഗണന നൾകണമെന്നപേക്ഷിച്ചുകൊണ്ടു് ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. K. KUNJU PANICKAR : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ൨,൫൦,൦൦൦ രൂപ എന്ന ഒരു അമിതമായതുക ഗവമെൻറിൽനിന്നും നൾകുന്ന ഒരു സ്ഥാപനമാണു യൂണിവേഴ്സിററി. തിരുവിതാംകൂർ ഗവമെൻറിന്റെ താഴെയുള്ള പബ്ളിക്സർവ്വീസിൽ സമുദായപ്രാതിനിധ്യമില്ലാതെയാണ് മുമ്പു് ഇരുന്നതു്.

അങ്ങിനെ ഇരുന്നതുമൂലം ഇവിടെ പ്രാബല്യംകുറഞ്ഞ സമുദായങ്ങൾക്ക് പ്രാതിനിദ്ധ്യം ശരിക്കു കിട്ടുന്നില്ലെന്നുള്ള സങ്കടമുണ്ടായി. ഈ സങ്കട പരിഹാരത്തിനായി ഇന്നത്തെ ദിവാൻപ്രസിഡൻറിൻെറ നേതൃത്വത്തിൽ ഒരു വ്യവസ്ഥയുണ്ടാക്കി. ആ വ്യവസ്ഥയോട് ഏകദേശം സമീപിച്ചാണ് ഈ യൂണിവേഴ്സിററിയുണ്ടാക്കാനുള്ള വ്യവസ്ഥ ഉണ്ടായത്. ഇപ്പോൾ യൂണിവേഴ്സിററി ഒരു സ്വതന്ത്രമണ്ഡലമാണെന്നുള്ള കാര്യം പറഞ്ഞു. ആ സ്ഥാനത്ത് പ്രാതിനിദ്ധ്യഗണനകൾ നൽകാൻ പാടില്ലെന്നുപറയുന്നു. യൂണിവേഴ്സിററിയിലും പ്രാബല്യംകുറഞ്ഞ സമുദായക്കാർക്ക്, സർവീസിൽ പ്രവേശനത്തിനു തടസമുണ്ടായിരുന്ന സമുദായക്കാർക്കു പ്രത്യേകം അനുകൂലവ്യവസ്ഥ ചെയ്യുമെന്നാണ് ഊഹിച്ചിരുന്നത്. എന്നാൽ അനുഭവം അങ്ങിനെയല്ല. ഇന്നത്തെ മുഴുവൻ നിയന്ത്രണവും വഹിക്കുന്ന ദിവാൻപ്രസിഡൻറിനെ സംബന്ധിച്ചോ, പ്രോവൈസ് ചാൻസിലറിനെ സംബന്ധിച്ചോ, ചീഫ്സെക്രട്ടറിയെ സംബന്ധിച്ചോ ഒരു പരാതിയുമില്ല. എല്ലാവരും സമർത്ഥന്മാരാണ്. എന്നാൽ അവർക്കു താഴെയുള്ള ആളുകളാണ് കുഴപ്പം ചെയ്യുന്നത്. അവർ നിയമനകാര്യങ്ങളിലും നിയമനം കിട്ടുന്നതിനു ആവശ്യമായ വിദ്യാഭ്യാസകാര്യത്തിലും തടസ്സമുണ്ടാക്കുന്നതായിട്ടാണ് കാണുന്നത്. പബ്ലിക്ക്സർവീസിൽ സമുദായപ്രാതിനിദ്ധ്യം അനുവദിച്ചിരിക്കുന്ന ഈ കാലത്തുകൂടി പ്രാബല്യംകുറഞ്ഞ സമുദായത്തിൽനിന്നും നിയമനമുണ്ടാകാതിരിക്കത്തക്കവണ്ണമാണ് അവരുടെ പ്രവൃത്തിയെന്നുകാണുമ്പോൾ ഞങ്ങൾക്കുണ്ടാകുന്ന മനസ്താപം ഏതുവിധത്തിലാണെന്നു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ല. ഇതു് ഒരു കൈകൊണ്ടു കൊടുത്തിട്ട് മറേറ കൈകൊണ്ട് എടുക്കുന്നതുപോലെയാണ്. പബ്ലിക്ക്സർവീസിൽ ഉദ്യോഗങ്ങൾക്കുള്ള യോഗ്യതകൾ വ്യവസ്ഥചെയ്തു. എന്നാൽ ഇങ്ങിനെയുള്ള യോഗ്യത നൽകുന്നതിനായിട്ടുള്ള യൂണിവേഴ്സിററിയിൽ ഏതാനും സമുദായക്കാർക്ക് മാത്രമാണ് പ്രവേശനം കിട്ടുന്നത്. ഞാൻ ഈ ഹൌസിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നത് വിദ്യാഭ്യാസകാര്യത്തിലും മററും അവരുടെ പ്രത്യേക ന്യൂനതകൊണ്ടല്ലാതെ, ഗവൺമെൻറിൻെറ പരമ്പരാഗതമായ രാഷ്ട്രീയനയത്തിൻെറ തടസ്സംകൊണ്ട് മുന്നോട്ടുവരാൻ സാധിക്കാത്ത സമുദായങ്ങളെ സംബന്ധിച്ച് പ്രത്യേകമായി ഒരു മിനിമം യോഗ്യതവച്ച് എല്ലാവകുപ്പിലും ഉദ്യോഗം കൊടുക്കത്തക്ക വിധത്തിൽ താഴെയുള്ള ഗ്രേഡുകളിലെങ്കിലും അവർക്ക് സ്ഥാനംകൊടുക്കണമെന്നാണ്. ഇങ്ങനെ ചെയ്യാതിരിക്കുന്നിടത്തോളം കാലം ഓരോ വർഗ്ഗക്കാർക്കും അവരവരുടെ വർഗ്ഗത്തിലുള്ളവർക്കു മാത്രം ഉദ്യോഗം

[Mr. K. Kunju Panickar.]

കൊടുക്കുന്നതിനുള്ള സൗകര്യം കിട്ടുന്നതാണ്. നീതിമാനായ ദിവാൻ പ്രസിഡൻറവർകളും പ്രോവൈസ്ചാൻസിലർ അവർകളും ഇന്നത്തെ ചീഫ്സെക്രട്ടറിയും പ്രത്യേകം ഇക്കാര്യത്തിൽ ശ്രദ്ധിക്കാത്തപക്ഷം അവശസമുദായക്കാർക്ക് ഒരുരക്ഷയും ഉണ്ടാവുകയില്ലെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. വെറുംനീതി സാധുക്കളുടെ പേരിൽ കാണിക്കണമെന്നുള്ള കാര്യം അധികാരികളുടെ ശ്രദ്ധയിൽ പതിപ്പിക്കുന്നതിനു വേണ്ടി ഞാൻ ഈ ഉപക്ഷേപം പിൻതാങ്ങിക്കൊള്ളുന്നു.

MR. A. K. KUMARAN VAIDYAN : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എന്നാൽ തിരുവിതാംകൂറിൽ യൂണിവേഴ്സിററി ആവിർഭവിച്ചപ്പോൾ അവശസമുദായങ്ങൾ കരുതിയിരുന്നതു ഇനി ഡിഗ്രിഎടുക്കുവാൻ വിഷമമില്ലെന്നാണ്. മദ്രാസ് മുതലായ സ്ഥലങ്ങളിൽ പോയി പഠിക്കുന്നതിനുള്ള ചിലവു് ദുർവ്വഹമായിരുന്നതിനാലാണ് പലർക്കും ഉന്നതവിദ്യാഭ്യാസത്തിന് സാധിക്കാതെ വന്നിട്ടുള്ളതു്; ഇനി അക്കാര്യത്തിനു എളുപ്പമുണ്ടെന്നായിരുന്നു ഞങ്ങൾ വിചാരിച്ചിരുന്നു. ഇവിടെ യൂണിവേഴ്സിററി വന്നതോടുകൂടി ആ ആശ വളരെ വർദ്ധിച്ചു. എന്നാൽ ഇപ്പോൾ പഠിപ്പിക്കുന്നതിന് വളരെ അസൗകര്യമായി തീരുകയാണു് ചെയ്തിട്ടുള്ളതു്. അവരെ ചില കാളേജുകളിൽ കടത്തുന്നില്ല. സീററില്ലെന്ന് പറഞ്ഞുതള്ളുന്നു. ഇവിടെ യൂണിവേഴ്സിററി വരുന്നതിനുമുമ്പ് മദ്രാസ് യൂണിവേഴ്സിററിയിൽ നിന്നും യോഗ്യതസമ്പാദിച്ചു ഈഴവർക്ക് കൂടിയും ക്ലാക്കുദ്യോഗത്തിന് അപേക്ഷിച്ചാൽ കൊടുക്കാമെന്നു പറഞ്ഞാൽ ഒരു വ ർ നിയമനം കഴിഞ്ഞാൽകൂടി ആ ആളിനു കിട്ടുന്നില്ലെന്നുള്ള സംഗതി നിസ്സംശയം പറഞ്ഞുകൊള്ളട്ടെ. മദ്രാസിൽ ബ്രാഹ്മണർക്ക് പ്രാതിനിദ്ധ്യമില്ലെന്നുവാദിച്ച ആ സമുദായത്തിൽപ്പെട്ടവരാണു ഇന്ന് തിരുവിതാംകൂറിൽ യൂണിവേഴ്സിററിയിൽ ധാരാളമായിട്ടുള്ളതു്. അതു് അവരുടെ വിദ്യാഭ്യാസയോഗ്യതകൊണ്ടാണെന്നുള്ള ഒരുകാര്യംകൂടിയുണ്ട്. എങ്കിലും യോഗ്യതയുള്ളവർ എല്ലാജാതിയിലും, എല്ലാ സമുദായത്തിലും, ഉള്ളപ്പോൾ അവരെക്കൂടി നിയമിക്കേണ്ടതു് അത്യാവശ്യമാണ്. എന്നാൽ അവശസമുദായത്തിൽപ്പെട്ട ആളുകൾക്ക്, എന്റെ സമുദായത്തിൽപ്പെട്ട ആളായാലും അവർക്ക് കീഴ്പ്പോട്ടുള്ള ഗതിയല്ലാതെ ഡിപ്പാർട്ടുമെൻറു് മേലദ്ധ്യക്ഷന്മാർ കൊടുക്കുന്നില്ല. ഇന്നത്തെ ദിവാൻജി അവർകളെപ്പോലെയോ, ചീഫ് സെക്രട്ടറിയെപ്പോലെയോ ഉള്ള മനസ്ഥിതിയുള്ളവർ യൂണിവേഴ്സിററിയിൽ പ്രോവൈസ്ചാൻസിലർ എന്ന സ്ഥാനത്തിരുന്നാലല്ലാതെ അതു സാധിക്കയില്ലെന്നാണു എനിക്കു പറയുവാനുള്ളതു്. ഇപ്പോഴത്തെ

പ്രോവൈസ് ചാൻസിലർ വളരെ കാര്യശക്തികുറഞ്ഞ ആളായതുകൊണ്ട് അദ്ദേഹത്തിന് ഈവക സംഗതികളിൽ ഇടപെടാൻ സൗകര്യമില്ലെന്നാണ് ഞാൻ പറയുന്നത്. എനിക്ക് വലിയ ആളുകളുമായി സമ്പർക്കമൊന്നുമില്ലെങ്കിലും മദ്രാസ് യൂണിവേഴ്സിറ്റി സെനറ്റിലെ രണ്ടുമൂന്നു മെമ്പറന്മാരെ എനിക്കു കാണുവാൻ ഇടയായിട്ടുണ്ട്. ആ അവസരത്തിൽ അവർ ഇവിടത്തെ പ്രോവൈസ് ചാൻസിലറായ മി. സി. വി. ചന്ദ്രശേഖരന്റെ യോഗ്യതകളെ മുക്തകണ്ഠം പ്രശംസിക്കുകയാണുണ്ടായത്. എന്നാൽ ഞങ്ങളെ, അതായത് അവശസമുദായാംഗങ്ങളെ കാണുമ്പോൾ അദ്ദേഹത്തിന്റെ യോഗ്യതയെല്ലാം അസ്തമിച്ചുപോകുന്നല്ലോ എന്നു ഞാൻ അത്ഭുതപ്പെടുന്നു. അവശസമുദായത്തിൽനിന്നും ൨൦ രൂപായ്ക്കുമേൽ ൪൦ രൂപാവരെ ശമ്പളത്തിൽ നിയമിച്ചിട്ടുള്ളവരുടെ എണ്ണം കൈവിരൽകൊണ്ട് എണ്ണുവാൻതന്നെയില്ല. അതേഅവസരത്തിൽ പ്രാബല്യമുള്ള സമുദായങ്ങളിൽനിന്നും ഡസൻ കണക്കിന് തള്ളിവിട്ടുകൊണ്ടിരിക്കുന്നതായിട്ടും കാണുന്നു. ഇവിടെ ഞങ്ങൾ ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലെ കാരുണ്യം മാത്രമാണ് കാംക്ഷിക്കുന്നത്. ക്ഷേത്രപ്രവേശനം അനുവദിച്ചു അവശതകളെ തീർത്തുതന്ന ആ പൊന്നുതമ്പുരാന്റെ ഹസ്തങ്ങൾ യൂണിവേഴ്സിറ്റികാര്യത്തിലും ഞങ്ങൾക്കു വേണ്ടതു ചെയ്തുതരുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മുമ്പുള്ള ഈഴവസമുദായത്തിന്റെ, അവശതകളുടെ ചരിത്രം ആലോചിക്കുകയാണെങ്കിൽ ഞങ്ങൾ ഇന്നു രാജ്യംവിട്ടു പോകേണ്ട ഒരു ഘട്ടം വരുമായിരുന്നു. പിന്നീടു വന്നുകൊണ്ടിരുന്ന മഹാരാജാക്കന്മാരുടെ കാരുണ്യം മാത്രമാണു അതുകൂടാതെ കഴിയുന്നതിനു സഹായമായിത്തീർന്നതു. അതുപോലെതന്നെ ദിവാൻ സർ, രാജഗോപാലാചാരിയുടെ കാലത്താണു ഞങ്ങൾക്കു പബ്ലിക്ക സർവ്വീസിൽ പ്രാതിനിധ്യത്തിന് ഏതാണ്ടു പരിഹാരം വന്നുതുടങ്ങിയത്. അതിനുശേഷം ഇപ്പോൾ ഞങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ ചെയ്തുതന്നിട്ടുള്ള ഇന്നത്തെ ബഹുമാനപ്പെട്ട ദിവാൻജി അവർകളോടും മഹാരാജാവു തിരുമനസ്സിനോടും ഇപ്പോഴും ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതു, ഇക്കാര്യത്തിലും വേണ്ട പരിഹാരം ഉണ്ടാക്കിത്തരണമെന്നാണ്. അതിനാൽ കഴിയുന്നതും വേഗത്തിൽ യൂണിവേഴ്സിറ്റിയിലുള്ള ഞങ്ങളുടെ ഈ അവശതകളെ തീർത്തുതരണമെന്നു ബഹുമാനപ്പെട്ട ഗവണ്മെന്റിനോടും പ്രോവൈസ് ചാൻസിലരോടും അപേക്ഷിച്ചുകൊള്ളുന്നു. ഞാൻ ശുപാർശക്കുപോയി സാധിക്കാത്തതുകൊണ്ടാണു ഇതു പറയുന്നതെന്നു ആരും വിചാരിക്കരുതു. എന്റെ സമുദായത്തിൽനിന്നും കെമിസ്റ്റ്രിയെടുത്തു

[Mr. A. K. Kumaran Vaidyan]

സെക്കൻറുക്ലാസിൽ പാസായിട്ടുള്ള ഒരു ബി. എ. ക്കാരനു ൪൦ രൂപാ ശമ്പളത്തിൽ നിയമിക്കണമെന്നുള്ള ഒരപേക്ഷയുമായി അയാൾ പ്രോ വൈസ് ചാൻസിലരുടെ അടുത്തുചെന്നു. നിയമിക്കാമെന്നു് അദ്ദേഹം പറഞ്ഞു. എന്നാൽ ഇതേവരെയും അങ്ങിനെ ഒരുകാര്യം നടന്നതായി അറിയുന്നില്ല. ഇപ്പോൾ ൩ കൊല്ലത്തിലധികമായി എന്നാണു് അറിയുന്നതു്. അയാൾക്കു ഇവിടെ കിട്ടാൻപോകുന്നതിനെക്കാൾ ഒരു വലിയ ഉന്നതസ്ഥാനം ഇവിടെ നിയമിക്കാതിരുന്നതിനാൽ കിട്ടുകയാണുണ്ടായതു്. അതിനാൽ ഇവിടെ നിയമിക്കാതിരുന്നതു് ഒരു ഭാഗ്യമാണെന്നു കൂടി കരുതേണ്ടിയിരിക്കുന്നു. ഇതു് ഡാക്ടർ പല്പുവിനെ ഈ തിരുവിതാംകൂറിൽ നിയമിക്കാതിരുന്നതുകൊണ്ടു് അദ്ദേഹത്തിനു പുറമേകിട്ടിയ യോഗ്യതപോലെയാണു് ഞാൻ വിചാരിക്കുന്നതു്. ഇപ്പോൾ ഭരണസാരഥ്യം വഹിക്കുന്ന സചിവോത്തമ സർ സി. പി. രാമസ്വാമിഅയ്യർ അവർകളുടെ ഗവമെൻറിൽനിന്നും ഞങ്ങൾക്കു് നീതിലഭിക്കുന്നില്ലെന്നു പറഞ്ഞാൽ ഈ തിരുവിതാംകൂറിലെന്നല്ല മററുരാജ്യങ്ങളിലുള്ള ആളുകൾപോലും അത്ഭുതപ്പെട്ടുപോകും. അതിനാൽ ഈ യൂണിവേഴ്സിററിയിൽ ഞങ്ങൾക്കുള്ള ഉദ്യോഗവിഷയത്തിലും കാളേജുകളിൽ പഠിക്കുന്നതിനു സീററുണ്ടാക്കിതന്നു് പ്രാതിനിധ്യക്കുറവിനെ പരിഗണിച്ചു് ഞങ്ങളെ രക്ഷിക്കണമെന്നു താഴ്മയായി അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

(At this stage the Deputy President occupied the Chair.)

SADASYATILAKA T. K. VELU PILLAI: Sir, I also wish to support the motion before the House. I do so because it has appeared to me after experience of many years that the educated men belonging to certain communities find it difficult to obtain places in the service of Government. It was to correct this that the Government of His Highness the Maharaja was pleased to recognise the claims of communal representation. The University is beyond the scope of the operations of the Public Service Commissioner. But that is no reason why the University should not act according to those fundamental principles recognised to be binding on the Public Service Commissioner. Sir, there is one condition so far as the University affairs are concerned. As the Vice-Chancellor, the Dewan is also the Head of the Administration; In that view we feel that the interests of the University will be safe In the hands of the University authorities. In law the Pro-Vice- Chancellor exercises all the functions of the Vice-Chancellor. The Pro-Vice-Chancellor, as a prominent member of an autonomous body, can very well neglect the claims of particular people and fix up people according to their communal claims. Now, Sir, the question is becoming more mportant because the Vice-Chancellor is going to be absent from this country. For some time, the Pro-Vice-Chancellor will exercise authority in a rather unrestricted manner. I am not saying that he

will exercise it wrongly. I know instances in which people belonging to these communities have not been able to get places in the Government service for many years. For example, a graduate from the Araya community came to me and wanted to talk to me I asked him what he wanted. He said that he merely wanted to see me. He told me that seven or eight years ago I had given him an introduction to some officer. I had forgotten that. He told me that I took him to the head of a department. Till now this man has not got anything. I have no interest in him except that he is a subject of His Highness the Maharaja and a graduate and a member of the backward class. I am saying this because it is very hard for a man belonging to one of the backward communities, which have no facilities for higher education, for a man who in spite of all his difficulties manages to educate himself and secures a degree of a University, that he should not be able to get a place in the Government service of this enlightened State. That, Sir, is a very unsatisfactory state of affairs. There are people of the Varnava, Pulaya and other communities in a similar situation. There are also people of the Christian and Muslim communities who are backward. The motion refers only to Hindus. I should like to extend its scope to all communities. If people who have been regarded as backward in educational and other respects come forward and ask for their rights being recognised, I trust that the Pro-Vice-Chancellor desires to do justice and as a result will entertain their applications and give them appointments according to their efficiency. It is only to say this that I wanted to speak on this motion.

MR. K. R. NARAYANAN (*Vaikom cum Kottayam*) : സർ, മി. കൊച്ചുകുഞ്ഞിന്റെ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. തിരുവിതാംകൂറിലെ ചില സമുദായങ്ങളെ സംബന്ധിച്ചിടത്തോളം എത്രയും ഗൗരവതരങ്ങളായ ഒരു വിഷയത്തെ സംബന്ധിച്ചും അതിന്റെ പിന്നണിയിൽ നിന്നുകൊണ്ടു അതിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും പറയുന്നതിനു മുമ്പു് യൂണിവേഴ്സിററി പ്രവർത്തകന്മാരിൽ ഒരാളും എല്ലാ നിയമനകാര്യങ്ങളിലും കൈകടത്താൻ കഴിയുന്നവനുമായ മി. സി. വി. ചന്ദ്രശേഖരനെപ്പററി ഒരു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പരിമിതമായ എന്റെ പരിധിയിൽ നിന്നു് പറയുന്നപക്ഷം മി. സി. വി. ചന്ദ്രശേഖരൻ ജാതിചിന്ത അംശമില്ലാത്ത ഒരുത്തനാണെന്നുവേണം പറയുവാൻ. ഇദ്ദേഹത്തെ തിരുവിതാംകൂറിനു കിട്ടിയിട്ടുള്ളതും തിരുവിതാംകൂർ യൂണിവേഴ്സിററിക്കു കിട്ടിയിട്ടുള്ളതും ഒരു വലിയ നേട്ടംതന്നെയാണു്. കുമാരസംഭവത്തിൽ,

... ...

... ...

മാൻപേടയോടു ഗിരികന്യകതാൻ ഗ്രഹിച്ചോ

മാൻപേടതന്നെ ഗിരികന്യകയോടഭ്യസിച്ചോ.

[Mr. K. R. Narayanan]

എന്ന പാർവ്വതിയുടെ നോട്ടത്തെ വർണ്ണിക്കുന്നതുപോലെ തിരുവിതാംകൂർ യൂണിവേഴ്സിററിക്ക് വേണ്ടി പണ്ഡിതാഗ്രേസരനും കുശാഗ്രബുദ്ധിയുമായ സി. വി. ചന്ദ്രശേഖരനെ കിട്ടിയോ, പ്രാഗത്ഭ്യമുള്ള മി. സി. വി. ചന്ദ്രശേഖരനെ നയിക്കുന്നതിനുവേണ്ടി തിരുവിതാംകൂർ യൂണിവേഴ്സിററിയുണ്ടായോ എന്ന സംശയിക്കേണ്ടിവരുന്നു.

ഇത്രയും പറയുന്നതിന് ഇടയായതു് നിയമനവിഷയത്തിലും റിസർവ്വേഷൻ സംബന്ധിച്ചും മററും അദ്ദേഹത്തിനു എത്രമാത്രം കൈകടത്താൻ കഴിയുന്നു എന്നു കാണിക്കുന്നതിനാണു്. നിയമനകാര്യത്തിൽ അബദ്ധങ്ങളുണ്ടെങ്കിലും റിസർവേഷനിൽ ശ്രദ്ധിക്കാത്തതിനെപ്പററി മാത്രമേ എനിക്കു പറയുവാനുള്ളു. ഒരിക്കൽ ക്ഷേത്രപ്രവേശനം വരുന്നതിനുമുമ്പു് ഒരു അവർണ്ണനോടു് ഒരാൾ നീ എന്തുകൊണ്ടു് അമ്പലത്തിൽ പോകുന്നില്ലെന്നു ചോദിച്ചു. അവൻ അതിനു ഉത്തരം പറഞ്ഞതു "അമ്പലത്തിൽ പോയി മതിലിനു പുറത്തുനിന്നു തൊഴുതാൽ എന്റെ തൊഴിയലിൽപകുതി പുറമതിലിൽ മുട്ടും, പകുതി അകത്തുള്ള മതിലിൽ മുട്ടും, പകുതി നാലമ്പലത്തിൽ മുട്ടും, പകുതി ഗർഭഗൃഹത്തിൽ മുട്ടും, സാക്ഷാൽ ഭഗവാന്റെ മുമ്പിൽ ചെല്ലുമ്പോൾ എന്റെ തൊഴിയലിൽ അധികം ഒന്നും ശേഷിക്കയില്ല. പിന്നെ ഞാൻ എന്തിനു അമ്പലത്തിൽ പോകുന്നു" എന്നാണു്. അതുപോലെയാണു് ഇവിടത്തെ നില. യൂണിവേഴ്സിററിയിൽ നടക്കുന്ന അധികം അനീതികളും മി. സി. വി. ചന്ദ്രശേഖരന്റെ മുമ്പാകെ ചെല്ലുന്നുണ്ടോ എന്നു സംശയമാണു്. അതിനു് മുമ്പു് പല പടികളും കഴിയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ അടുത്തു ചെന്നാൽ തീർച്ചയായും ഇതിനു പരിഹാരമുണ്ടാകും. ഉദ്യോഗനിയമനവിഷയത്തിൽ സമുദായപ്രാതിനിധ്യതത്വം സ്വീകരിക്കണമോ എന്നു ചിന്തിക്കേണ്ട ആവശ്യം ഇപ്പോൾ ഇല്ല; അതു സമ്മതിച്ചുകഴിഞ്ഞു. അതു ഒരു ജീവപ്രശ്നമായി ഗവൺമെന്റു സ്വീകരിച്ചും കഴിഞ്ഞു. ഉദ്യോഗനിയമനകാര്യത്തിൽ ചില സമുദായങ്ങളെ തള്ളുകയും ചില സമുദായങ്ങളെ പ്രോത്സാഹിപ്പിക്കയും ചെയ്യുക എന്നുള്ളതു് അർത്ഥശൂന്യമാണെന്നു മാത്രമല്ല ഗവൺമെന്റു അംഗീകരിച്ചിട്ടുള്ള ഒരു തത്വത്തെ പിൻതിരിപ്പിക്കുന്ന ഒരു നയംകൂടിയാണു.

യൂണിവേഴ്സിററിയുടെ കാര്യം പറയുമ്പോൾ സീററു റിസർവേഷൻ എന്നുള്ളതു് ഏററവും പ്രധാനപ്പെട്ട ഒന്നാണു്. ഞങ്ങൾ കുറെ പരീക്ഷ പാസായവരെ വച്ചുകൊണ്ടാണു് ഇന്നു് ഉദ്യോഗത്തിനു അപേക്ഷിക്കുന്നതു്. യൂണിവേഴ്സിററിയുടെ ഇന്നത്തെ നയം തുടർന്നുകൊണ്ടു

പോവുകയാണെങ്കിൽ വിദൂരമല്ലാത്ത ഭാവിയിൽ ഞങ്ങൾക്ക് ഉദ്യോഗത്തിനപേക്ഷിക്കേണ്ട ആവശ്യംതന്നെ വരികയില്ല. വിഭവസമൃദ്ധമായ ഒരു സദ്യക്ക് ക്ഷണിച്ച് സദ്യ നടക്കുന്ന സ്ഥലത്തിൻെറ നാലുവശവും വേലിയുംകെട്ടി മി. ററി. കെ. വേലുപ്പിള്ള പ്രസ്താവിച്ചതുപോലെ രണ്ടു നായ്ക്കളേയും കൊണ്ടു നിറുത്തി, സദ്യസ്ഥലത്തു പ്രവേശിക്കാൻ വഴിയില്ലാതാക്കിയാൽ സദ്യയുണ്ണാൻ വരുന്നവന് ആവേശംകൊണ്ട് നാക്കിൽകൂടി കപ്പലോട്ടിക്കാമെന്നല്ലാതെ സദ്യയുടെ വിഭവം അനുഭവിക്കാൻ സാധിക്കുകയില്ല. ഇപ്പോഴത്തെ യൂണിവേഴ്സിററിയുടെ സ്ഥിതി ഇതുപോലെയാണ്. അതായത് വിദ്യാഭ്യാസപരമായ സംസ്കാരം സമ്പാദിക്കുന്നതിനു നമുക്കു ഒരു യൂണിവേഴ്സിററി ഉണ്ട്. പക്ഷെ അതിൻെറ സകല ഗുണങ്ങളും അനുഭവിക്കുന്നതിനു തക്കവണ്ണമുള്ള പ്രവേശനം ഏതാനും ചില സമുദായക്കാർക്കു ലഭിക്കുന്നില്ല. ഇന്നത്തെ ഈ നില തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ കല്യാണം എങ്ങിനെയായിരിക്കുമെന്നുള്ള കാര്യം നാലും മൂന്നും ഏഴ് എന്നവണ്ണം അത്ര നിശ്ചയമാണ്.

യൂണിവേഴ്സിററി അധികൃതന്മാർ എപ്പോഴും പറയാറുള്ള ഒരു സമാധാനം പരീക്ഷയിൽ മാർക്കുനോക്കി പ്രവേശിപ്പിക്കുന്നു എന്നാണ്. ഒരച്ഛനു രണ്ടു മക്കളുണ്ടായിരുന്നു. മൂത്ത മകനെ കുന്തപ്പയററു, വാളുപയററു, വെള്ളത്തിൽ നീന്തു, ഇവയെല്ലാം പഠിപ്പിച്ചു. ഇളയമകനെ ഒന്നും പഠിപ്പിച്ചില്ല. ഒടുവിൽ അച്ഛൻെറ സ്വത്തു വീതിച്ചുകൊടുക്കുമ്പോൾ ഇളയമകനെ വിളിച്ചു നീ കുന്തപ്പയററു പഠിച്ചിട്ടുണ്ടോ? ഇല്ല, വാളപ്പയററു പഠിച്ചിട്ടുണ്ടോ? ഇല്ല, വെള്ളത്തിൽ നീന്തു പഠിച്ചിട്ടുണ്ടോ? ഇല്ല, പിന്നെ നിനക്കെങ്ങിനെ സ്വത്തു വീതിച്ചുതരുമെന്നുപറഞ്ഞു. ഇതുപോലെ അനവധി കൊല്ലക്കാലമായി എൻെറയും അതുപോലെയുള്ള സമുദായങ്ങളേയും പള്ളിക്കൂടങ്ങളിൽ പ്രവേശിപ്പിക്കാത്തതുനിമിത്തം വിദ്യാഭ്യാസംകൊണ്ടുവരേണ്ട അറിവോ സംസ്കാരമോ സമ്പാദിക്കുവാൻ സൗകര്യമില്ലാതെവന്നു. മററു സമുദായങ്ങളോടൊപ്പം വിദ്യാഭ്യാസം സമ്പാദിക്കാൻ കഴിയാഞ്ഞതു ഞങ്ങളുടെ കുററമോ? അതിനു സൗകര്യം തരാത്ത ഗവണ്മെൻറിൻെറ കുററമോ എന്നു ഔദ്ധത്യത്തോടെ ഞാൻ ചോദിച്ചുകൊള്ളുന്നു. ഗവണ്മെൻറു വിചാരിച്ചാൽ ഈ തെററു തിരുത്താൻ കഴിയും. ഞങ്ങളെ പഠിപ്പിച്ചിട്ടും നന്നാകുന്നില്ലെങ്കിൽ അതിൻെറ അർത്ഥം ഞങ്ങൾക്കു മനസ്സിലാക്കാം. സൗകര്യംതന്നാൽ നല്ലതുപോലെ പഠിച്ചു പാസ്സാകാനും, നല്ല നിലയിൽ എത്താനും ഞങ്ങളുടെ ഇടയിലും ആളുകൾ ഉണ്ടെന്നുള്ളതു യൂണിവേഴ്സിററിക്കറിയാം. ഈ പതനത്തിൽ ഒരു കാര്യം മാത്രമാണ് ഇന്നത്തെ യൂണിവേഴ്സിററി

[Mr. K. R. Narayanan.]

പ്രവർത്തകന്മാരുടെ മുൻപാകെ എനിക്കർപ്പിക്കാനുള്ളതു്. അതായതു കുറെ സീററു ഉറവായി റിസർവുചെയ്യണമെന്നുള്ളതാണു്. നമ്മെക്കാൾ വളരെ മുൻപേ സ്ഥാപിച്ച മദ്രാസ് യൂണിവേഴ്സിററിയുടെ നില എന്താണു? അവിടെ പിന്നോക്കസമുദായാംഗങ്ങൾക്കു ൨൫ ശതമാനം സീററു റിസർവുചെയ്തിട്ടുണ്ടു്. അതുപോലെ ഇവിടെയും പിന്നോക്കസമുദായങ്ങൾക്കു ൨൫-ം ൩൦-ം സീററുകൾ റിസർവു ചെയ്യുന്നതിനുള്ള സന്മനോഭാവം യൂനിവേഴ്സിററി പ്രവർത്തകന്മാർക്കു ഉണ്ടായിരിക്കണമെന്നു ഞാനപേക്ഷിച്ചുകൊള്ളുന്നു. എല്ലാ കാളേജിലും ഒരുപോലെ സീററു റിസർവുചെയ്യണം. ഇൻജനീയറിംഗ് കാളേജിൽ വന്ന സ്ഥാനാർത്ഥികളെ എടുത്തു. അതിൽ ൩ ഈഴവനാണു് ഇതേവരെ സ്ഥാനം കിട്ടിയിട്ടുള്ളതു്. ഇതിൽ മൂന്നാമത്തെ ഈഴവൻ എങ്ങിനെ കാളേജിൽ പ്രവേശിക്കാൻ സാധിച്ചു എന്നുള്ളതു യൂനിവേഴ്സിററി പ്രവർത്തകന്മാർക്കു എനിക്കുമറിയാം. അതിന്റെ ചരിത്രം ഇപ്പോൾ ഇവിടെ വിസ്തരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. മററു കാളേജുകളിലേയും സ്ഥിതി ഇതുതന്നെയാണ്. ഇങ്ങിനെയായാൽ ഒരു കാളേജിലും ഈഴവൻ കാണുകയില്ല. ഈഴവരിൽ പരീക്ഷായോഗ്യതയുള്ളവർ ഉണ്ടായിരിക്കയില്ല. സമുദായപ്രാതിനിധ്യവാദവും ഉണ്ടാകുകയില്ല.

ക്ഷേത്രപ്രവേശനവാദം വളരെ ഉൽക്കടമായി നടത്തുന്ന കാലത്തു മദ്രാസിലെ ഒരു ബ്രാഹ്മണൻ ക്ഷേത്രപ്രവേശനത്തിനെതിരായി ഒരു ലേഖനം എഴുതിയിരുന്നു. അന്നു സുപ്രസിദ്ധ സാഹിത്യകാരനായ മൂർക്കോത്തു കുമാരൻ ബ്രാഹ്മണരെ കൊല്ലുന്നതിനുള്ള ഒരു വഴി പത്രത്തിൽ എഴുതി. അതായതു കൊന്ന വെട്ടിക്കളയുക. കൊന്ന വെട്ടിയാൽ അതു പൂക്കയില്ല. വിഷു ഉണ്ടായില്ലെങ്കിൽ നൂൽ ഉണ്ടാകുകയില്ല. നൂൽ ഉണ്ടായില്ലെങ്കിൽ പൂണുനൂൽ ഉണ്ടാകുകയില്ല. പൂണുനൂൽ ഉണ്ടായില്ലെങ്കിൽ ബ്രാഹ്മണൻ അതു ധരിക്കുകയില്ല. ബ്രാഹ്മണൻ അതു ധരിച്ചില്ലെങ്കിൽ പൂണുനൂൽ ചെവിയിൽ വച്ചിട്ടു ചെയ്യേണ്ട ചില കൃത്യങ്ങൾ—മലമൂത്രവിസർജ്ജനങ്ങൾ—ചെയ്യാൻ സാധിക്കയില്ല. അതു ചെയ്യാൻ സാധിച്ചില്ലെങ്കിൽ ബ്രാഹ്മണർ ചാകും. ക്ഷേത്രപ്രവേശനവാദംപോലെ യൂനിവേഴ്സിററി പ്രവേശനത്തിലും വാദിക്കേണ്ടിയിരിക്കുന്നു. പബ്ളിക്ക് സർവീസിൽനിന്നു ഞങ്ങളെ അകററാനുള്ള ഒരു കൊന്ന വെട്ടലാണോ യൂണിവേഴ്സിററി പ്രവേശനത്തിലുള്ള ഞങ്ങളുടെ നിരോധനം എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ചു ഞാൻ മി. സി. വി. ചന്ദ്രശേഖരനോടു സംസാരിക്കുകയുണ്ടായി. ദിവാൻ പ്രസിഡന്റിനോടും സംസാരിക്കുകയുണ്ടായി. യൂനിവേഴ്സിററി രജിസ്ട്രാരുമായി

സംസാരിക്കുകയുണ്ടായി. അവരെല്ലാം ഈ കാര്യത്തെപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. ഒരു വലിയ വിദ്യാഭ്യാസപ്രവർത്തകനായ വിദ്യാഭ്യാസഡയറക്ടരോടു ചോദിച്ചു. ഇവക്കാക്കുംതന്നെ ഇക്കാര്യത്തിൽ എതിരില്ല. പിന്നെ ആർക്കാണ് എതിര്. ആക്കും എതിരഭിപ്രായമില്ലാത്ത ഈ കാര്യത്തിൽ കൊണ്ടുവരുന്ന നടത്തരുതെന്നു വിനയാദരസമന്വിതം ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഉദ്യോഗനിയമന വിഷയത്തിലും എല്ലാ സമുദായങ്ങളോടും എല്ലാ വർഗ്ഗങ്ങളോടും നീതി കാണിക്കണമെന്നുള്ള പ്രത്യേകാപേക്ഷയോടുകൂടി, റിസർവേഷനെ സംബന്ധിച്ച് പിന്നോക്കസമുദായങ്ങളോടു നീതി കാണിക്കണമെന്നു മദ്രാസ് യൂനിവേഴ്സിററിയിലെ ഉദാഹരണം ഉദ്ധരിച്ചുകൊണ്ടു, അവിടത്തെ അനുഭവത്തെ ഉദ്ധരിച്ചുകൊണ്ടു, മി. കൊച്ചുകുഞ്ഞിൻെറ ഉപക്ഷേപത്തെ അനേകലക്ഷം അവശസമുദായങ്ങളുടെ പേരിൽ കൊണ്ടുവന്നിട്ടുള്ള ഈ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു.

MR. GODIVEETTIL C. RAMANKUNJU: സർ, മി. കൊച്ചുകുഞ്ഞു ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. പ്രോവൈസ് ചാൻസിലർ അവശസമുദായങ്ങളുടെ അഭിവൃദ്ധിയിൽ തല്പരനാണെന്നുള്ളതിൽ തർക്കമില്ല. വളരെക്കാലം മുൻമ്പുമുതൽക്കുതന്നെ അദ്ദേഹം അവശസമുദായങ്ങളുടെ ക്ഷേമത്തിൽ വളരെ താൽപ്പര്യമുള്ളആളായിട്ടാണു കണ്ടുവരുന്നത്. ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു യൂനിവേഴ്സിററിയിലെ നിയമനവിഷയത്തിൽ അരയസമുദായത്തിൻെറ അവശതാപരിഹാരത്തിനായി വേണ്ടതു ചെയ്യണമെന്നു അദ്ദേഹത്തെ ഓർമ്മിപ്പിക്കുന്നതിനു മാത്രമാണ്. അരയസമുദായത്തിൽ വിദ്യാഭ്യാസവിഷയത്തിൽ താൽപ്പര്യമുണ്ടായിട്ടു ൨൦ കൊല്ലത്തിലധികമായിട്ടില്ല. ഈ ൨൦ കൊല്ലത്തെ പരിശ്രമംകൊണ്ടു അരയസമുദായത്തിനു സമ്പാദിക്കാൻ കഴിഞ്ഞതു ഏഴു ഗ്രാഡ്യുവേററുകളെയാണ്. അവർ എല്ലാം പാസ്സായതു ഫൻനാർ—നു മുൻപാണ്. അതിനുശേഷം ഗ്രാഡുവേററുകൾ ഈ സമുദായത്തിൽ ഉണ്ടായിട്ടില്ല. ഫൻനാർ—നു മുൻപു തിരുവിതാംകൂർ സർവീസിൽ മൂന്നു ഗ്രാഡ്യുവേററുകൾക്കു പ്രവേശിക്കാൻ ഭാഗ്യമുണ്ടായി. പബ്ളിക്കുസർവീസ്ചട്ടങ്ങളെല്ലാം ഉണ്ടായിട്ടും, ചീഫ്സെക്രട്ടറിയും ദിവാൻജിയും മാറിമാറിവന്നിട്ടും ബാക്കിയുള്ള നാലു ഗ്രാഡുവേററുകൾക്കു തിരുവിതാംകൂർ സർവ്വീസിൽ ഇതേവരെ പ്രവേശിക്കാൻ കഴിഞ്ഞില്ല. ൨൦-ൽ കൂടുതൽ സ്കൂൾഫൈനൽകാർ ഞങ്ങളുടെ സമുദായത്തിലുണ്ടു. അവരിൽ ഒരുത്തനെങ്കിലും പബ്ളിക്സർവീസ് കമ്മീഷണരുടെ നിയമനത്തിനുശേഷം ഉദ്യോഗം കിട്ടിയിട്ടുണ്ടോ എന്നു സംശയമാണ്. പബ്ലിക്കുസർവീസ് ചട്ടങ്ങളുടെ പ്രവ

[Mr. Codiveettil C. Raman Kunju]

ത്തനങ്ങളനുസരിച്ച് നമ്മുടെ ഗവണ്മെൻറിൻെറ കീഴിൽ അരയന്മാക്കു ഉദ്യോഗം ലബ്ധമാവുകയില്ലെന്നു ഒരു ബോധം ഇപ്പോഠം പരക്കെയുണ്ടു്. അതിൻെറ ഫലമായിട്ടു സ്ക്കൂളുകളിലും കാളേജുകളിലും അവരുടെ സംഖ്യ കുറഞ്ഞു വരുകയാണു. കാലക്രമത്തിൽ അവരുടെ വിദ്യാഭ്യാസപ്രതിപത്തിതന്നെ നശിച്ചുപോകാൻ ഇടയില്ലേ എന്നു സംശയിക്കുന്നു. അവരുടെ പ്രധാന വ്യവസായമായ മൽസ്യവ്യവസായംകൂടി യൂനിവേർസിററിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ടു ആ വകുപ്പിലെങ്കിലും ഇവർക്കു ഉദ്യോഗം കൊടുത്തു സഹായിക്കാൻ കഴിയുന്നതാണു. ഇവിടെ മോട്ടാറും തീവണ്ടിയും മററുമൊക്കെ വരുന്നതിനു മുൻപു ഗവണ്മെൻറിനുവേണ്ടി ട്രാൻസ്പോർട്ടു ജോലികളെല്ലാം ചെയ്തു സഹായിച്ചുകൊണ്ടിരുന്ന ഒരു സമുദായം ഇപ്പോഠം വളരെ അധഃപതിച്ചു വളരെ വിഷമിക്കുന്ന ഈ അവസരത്തിൽ – പ്രോൽസാഹനത്തിനു യാതൊരു മാർഗവുമില്ലാതെ വിഷമിക്കുന്ന ഈ അവസരത്തിൽ– കഴിവുള്ള സഹായം യൂനിവേർസിററിയിൽ നിന്നു ഇവർക്കു ചെയ്യണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

MR. THARIATHU KUNJITHOMMEN സർ, ആകമികമായ വിവിധ രാഷ്ട്രീയപ്രശ്നങ്ങളുടെയിടയിൽ കഴിഞ്ഞ ൩൦ വർഷമായിഅവിച്ഛിന്നമായി തുടർന്നുകൊണ്ടിരിക്കുന്ന ഒരു വാദവിഷയമാണു് സമുദായപ്രാതിനിധ്യം. അനവധി പ്രശ്നങ്ങഠംക്കു് ഇക്കാലത്തിനുള്ളിൽ ശരിയായ പ്രതിവിധി ഉണ്ടായി. നെൽക്കരം നിറുത്തണമെന്നുള്ള ഒരു വാദം വളരെക്കാലത്തിനുമുൻപേ ഉൽഭവിച്ചു. കുറെക്കാലം കഴിഞ്ഞപ്പോഠം, അതിനു ശരിയായ സമാധാനമുണ്ടായി. മജിസ്ത്രേറിയലും റവന്യൂവും വേർതിരിക്കണമെന്നുള്ള വാദത്തിനും പ്രതിവിധിയുണ്ടായി. റവന്യൂ ദേവസ്വം വിഭജനപ്രക്ഷോഭണം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ യഥാകാലം പതിപ്പിക്കുകയും അതിനു പരിഹാരമുണ്ടാകുകയും ചെയ്തു. അവർണ്ണഹിന്ദുക്കളുടെ ക്ഷേത്രപ്രവേശനത്തിനും പരിഹാരമുണ്ടായി. ഇങ്ങനെ അനേക പ്രശ്നങ്ങഠംക്കു കഴിഞ്ഞ ൩൦ വർഷത്തിനുള്ളിൽ പ്രതിവിധി ഉണ്ടായി. എന്നാൽ സമുദായപ്രാതിനിധ്യത്തിനു ശരിയായ പ്രതിവിധി കടലാസിൽ ഉണ്ടായിട്ടുണ്ടെന്നല്ലാതെ പ്രവൃത്തിയിൽ വന്നിട്ടില്ലെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. യോഗ്യന്മാരായ അനേകം ഉദ്യോഗസ്ഥന്മാർ നമ്മുടെ ഇടയിലുണ്ടു്. എന്നാൽ ഏതുവിധവും തങ്ങളുടെ ആളുകളെ ഉദ്യോഗങ്ങളിൽ നിയമിച്ചു പ്രോത്സാഹിപ്പിച്ചുകൊള്ളണമെന്നുള്ള വിചാരമുള്ളതു അവരിൽ ഒട്ടും കുറവല്ല.

മററു ഉദ്യോഗവിഷയങ്ങളിൽ അവർ വളരെ യോഗ്യന്മാരാണെങ്കിലും ഉദ്യോഗനിയമനവിഷയത്തിൽ അവർക്കു ഒരു ന്യൂനത ഉണ്ടു്. ഒരാൾ ഉദ്യോഗം വിട്ടു കഴിഞ്ഞുപോകുമ്പോൾ അയാളുടെ മക്കളായോ മരുമക്കളായോ ചാർച്ചക്കാരനോ ആയ അഞ്ചാറുപേരെയെങ്കിലും ഓരോസ്ഥാനങ്ങളിലും പ്രതിഷ്ഠിക്കണമെന്നുള്ള അതിയായ വാഞ്ഛയാണു കണ്ടുവരുന്നതു്. ഏനകേനപ്രകാരേണ അതു് അവർ സാധിക്കുകയും ചെയ്യും. ഇങ്ങനെയായാൽ മററുള്ളവരുടെ സ്ഥിതി എന്തായിരിക്കും. അസമത്വപരിഹാരത്തിനു ഉണ്ടായിരുന്ന പ്രതിബന്ധങ്ങൾ നിയമംമൂലം മാറിയെങ്കിലും ഉദ്യോഗാത്ഥികളായി ചെല്ലുമ്പോൾ വല്ല തടസ്സവും പറഞ്ഞു തള്ളിക്കളയുകയാണു പതിവു്. ഈ വിഷയത്തിൽ ഗവണ്മെൻറിൻെറ സന്മനോഭാവം ഏറെക്കുറെ ഉണ്ടായിരുന്നിട്ടും ഭയങ്കരമായ അനീതിയാണ് ഇന്നും നടന്നുകൊണ്ടിരിക്കുന്നതു്. ഈ നിലയിലായാൽ സാമുദായികസൗഹാർദ്ദം എങ്ങിനെയുണ്ടാകും. സാഹോദര്യം, സൗഹാർദ്ദം, ഐക്യം ഇവയാണു ഭാവിയെ സംബന്ധിച്ചു സ്വീകരിക്കേണ്ട ആദർശം. ഇതിനു വിഘാതമായിരിക്കുന്ന പ്രധാന കാരണം പബ്ളിക്‌സവ്വീസിൽ നിന്നു ഒരുപോലെയുള്ള രാജഭക്തി, നിയമാനുസരണശീലം ഇവയുള്ള ജനവിഭാഗത്തിൽ ഒരു വമ്പിച്ച വിഭാഗത്തെ അകററിനിറുത്തിയിട്ടുള്ളതാകുന്നു. സാമുദായികവിദ്വേഷത്തിൻേറയൊ സാമുദായികചിന്തയുടേയൊ വികാരത്തിൽ നിന്നല്ലാതെ സാഹോദര്യത്തിൻേറയും സൗഹാർദ്ദത്തിൻെറയും വികാരത്തോടുകൂടി ഈ പ്രശ്നത്തെപ്പററി ചിന്തിക്കണമെന്നു ജനപ്രതിനിധികളായ മെമ്പറന്മാരോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. പബ്ളിക്ക് സവ്വീസിൽനിന്നു ബഹിഷ്കൃതരായവർ സങ്കടവും കഷ്ടതയും അനുഭവിക്കുന്നു. ഇവരെ അകററി ദൂരെനിറുത്തി അനീതി ചെയ്യുന്ന പാപം പബ്ലിക്‌സർവീസിൽ അമിതപ്രാതിനിധ്യമുള്ള സമുദായക്കാർ ചെയ്യുന്നു. ഈ രണ്ടുകൂട്ടരേയും ഇതിൽനിന്നും വിമുക്തരാക്കേണ്ടതാണ്. നാം ഐക്യമായി ജീവിക്കേണ്ടവരാണ്. ഉദ്യോഗം ധാരാളം കിട്ടുന്നവരോടു കിട്ടാത്തവർക്കു് അസൂയ ഉണ്ടാകും; നമ്മുടെ രാജ്യത്തു ഐക്യത നശിക്കും. ഉദ്യോഗനിയമനവിഷയത്തിൽ അനീതി നടത്തുന്നവർ ആരായിരുന്നാലും അവരെ കണ്ടുപിടിച്ചു ശിക്ഷിക്കണം. ശരീരത്തിൽ ഒരു വ്രണം വന്നാൽ അതു ഡാക്ടരെ തുറന്നു കാണിച്ചില്ലെങ്കിൽ അതിനുവേണ്ട ഔഷധം ചെയ്യാൻ നിവൃത്തിയില്ലല്ലൊ. വ്രണത്തെ സ്വർണ്ണത്തകിടുകൊണ്ടു മൂടിവച്ചിരുന്നാൽ വേദന മാറുകയില്ല. വ്രണം ഡാക്ടരെ തുറന്നു കാണിക്കുന്നതുപോലെയാ

[Mr. Thariyath Kunjithommen]

ണു ഇവിടെ നടക്കുന്ന സാമുദായിക അനീതിയെപ്പററി ചോദ്യം മുഖേന മററുള്ളവരെ മനസ്സിലാക്കാൻ മെമ്പർമാർ ശ്രമിക്കുന്നതു. അതിൻെറ യാഥാർത്ഥ്യം പുറത്തുവരുമ്പോൾ ചില സമുദായക്കാർ അനുഭവിക്കുന്ന അസമത്വം നാറുന്നവ്രണം പോലെ കാണാം. ഇതു തുറന്നു കാണിക്കരുതെന്നു ചിലർക്കു വിചാരം കാണുമെങ്കിലും ഗവണ്മെൻറു അങ്ങനെ വിചാരിക്കുകയില്ല. നാലും മൂന്നും ഏഴു എന്നവണ്ണം തെളിച്ചു പറഞ്ഞാൽ ഇതിലേയ്ക്കു ഒരു പ്രതിവിധി ഉണ്ടാകാൻ കഴിയും.

ഈ ഭയങ്കരമായ അനീതിയെ ഇല്ലാതാക്കുന്നതിനാണ് ചില നിയമങ്ങളെല്ലാം ഉണ്ടാക്കിയിട്ടുള്ളതു്. പഞ്ചസാര തന്നെ അതു കടലാസിൽ എഴുതി നക്കിയാൽ മധുരം ഉണ്ടാകുന്നതല്ലല്ലോ! നിയമങ്ങളെല്ലാം കടലാസിലല്ലാതെ പ്രവൃത്തിയിൽ കാണുന്നില്ല. ഞങ്ങൾ ഇങ്ങനെ തുടരെ ഈ അനീതി നിറുത്തണെ എന്നു മുറവിളികൂട്ടുന്നു. അടി മുമ്പേ നിറുത്തണോ കരച്ചിൽ മുമ്പേ നിറുത്തണോ എന്നു ചോദിച്ചാൽ ഹൃദയത്തെ ബാധിക്കുന്ന ഭയങ്കരമായ അടിതന്നെയാണ് മുമ്പേ നിറുത്തേണ്ടതു്. രാജഭക്തരും നിയമാനുസരണശീലരുമായ ഒരു വമ്പിച്ച ജനവിഭാഗമാണ് ഈ അടി ഏററുകൊണ്ടിരിക്കുന്നതു്. ആയതിനാൽ പബ്ലിക്കുസർവീസിനെ സംബന്ധിച്ചടത്തോളം ശരിയായ അളവും തൂക്കവുംവച്ചു് അവരവരുടെ പങ്ക് അവരവൎക്കു് കൊടുക്കേണ്ടതാണ്. ഒരു പിതാവു് തൻെറ പുത്രന്മാരെ ഒരുപോലെ വീക്ഷിക്കുന്നതുപോലെ, ഉദ്യോഗവിതരണവിഷയത്തിൽ, സൗഹാർദ്ദത്തോടും സഹോദരബുദ്ധിയോടും കൂടി, അതിനെ വീതിച്ചുകൊടുക്കേണ്ടതാണ്. ഏകദേശം ൩൦-ൽ ചില്വാനം വർഷങ്ങളായിട്ടു തുടൎന്നുവരുന്ന ഒരു പരാതിയാണ് ഇതു്. ഇതുവരെയായിട്ടും ഈ പരാതിക്കു ശമനം ഉണ്ടായിട്ടില്ല എന്നു പറയാതെ തരമില്ല. ഗവണ്മെൻറിനെ സേവിക്കാൻ സാമൎത്ഥ്യവും, യോഗ്യതയുമുള്ള ആളുകൾ ഞങ്ങളുടെ സമുദായത്തിൽ ഉണ്ടു്. എന്നാൽ അങ്ങിനെയുള്ളവൎക്കു ഗവണ്മെൻറു ജോലിയ്ക്കു ത്രാണിയില്ല എന്നു വരുത്തിവയ്ക്കുന്നതു കഷ്ടാൽകഷ്ടതരമാണ്. ഉദ്യോഗത്തിനു ഒരു സിലക്ഷൻ ഉണ്ടാകുമ്പോൾ അവിടെ അസമത്വസമുദായങ്ങളെ മാററി നിറുത്തുന്നു. കൂടാതെ യോഗ്യത സമ്പാദിക്കാനുള്ള വിദ്യാലയങ്ങളുടെ കവാടംകൂടി അടയ്ക്കുകയാണ് ചെയ്യുന്നതു. ഏതെങ്കിലും ഒരു ജനവിഭാഗം ദുഃഖം അനുഭവിക്കുന്നതായാൽ അതു രാജ്യം ഒട്ടുക്കു വ്യാപിക്കുന്ന ഒരു ദോഷമാണു. അങ്ങനെയുള്ള കാൎയ്യങ്ങൾ രാജ്യത്തിൻെറ പൊതുക്ഷേമത്തിനു ഹാനികരമാണ്. സങ്കടമനുഭവിക്കുന്ന ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി, അസമത്വമനുഭവിക്കുന്നവരുടെ ഉന്നമനത്തിനുവേണ്ടി ജനപ്രതി

നിധി എന്ന നിലയിൽ കാര്യങ്ങൾ ആവർത്തിച്ചാവർത്തിച്ചു പറയുന്ന മെമ്പറന്മാരെ പഴിക്കുന്നവരുണ്ടു്. ജനങ്ങളുടെ സങ്കടങ്ങളെ ഗവൺമെന്റിനെ നേരിട്ടു അറിയിക്കണമെന്നു വിചാരിച്ചാണു ഒരു പ്രതിനിധിയെ തെരഞ്ഞെടുത്തയച്ചിരിക്കുന്നതു്. ആയതിനാൽ, നീതിയും ന്യായവും ശരിയായി നടത്തി, രാജ്യത്തു സമാധാനവും ജനങ്ങളുടെ ഇടയിൽ സൗഹാർദ്ദമനഃസ്ഥിതിയും ഉണ്ടാകത്തക്കവണ്ണം ശക്തിയോടുകൂടി പ്രവർത്തിക്കണം. നീതി എവിടെ നടക്കുന്നോ, അവിടെ സമാധാനവും ശാന്തിയും ഉണ്ടാകുന്നു. അനീതി എവിടെ നടക്കുന്നോ അവിടെ, അസംതൃപ്തിയും, ഭിന്നതയും ഉണ്ടാകുന്നു. അതുകൊണ്ടു രാജ്യത്തിന്റെ ക്ഷേമത്തേയും, സമാധാനത്തേയും പരിഗണിച്ചു, അളവിലും തൂക്കത്തിലും അല്പംപോലും കുറവു വരുത്താതെ, ഓരോ സമുദായങ്ങൾക്കും ഉദ്യോഗവിതരണം ചെയ്യണമെന്നു ഞാൻ വീണ്ടും അപേക്ഷിച്ചുകൊണ്ടു ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. K. G. KUNJUKRISHNA PILLAI (*Neyyattinkara* cum *Trivandrum*): Sir, I also wish to add a few words on this motion. But before proceeding to the subject itself Sir, may I offer my congratulations to the Pro-Vice Chancellor on his recovery from his recent illness. I was fortunate Sir, in being seated by his side yesterday at a dinner table and his sparkling wit, his vivacity and the relish he displayed for the various dishes on the table showed clearly that he has got back his complete health and therefore, Sir, I offer him my congratulations and welcome him back to the House.

On the subject itself, Sir, members of those communities who feel aggrieved, have spoken with heat, enthusiasm and very often, with reason. On the principle contained in the motion, none of us could have any doubt. The motion itself, Sir, is a very small one. They want 'Other Hindus' like Chalians whose cause is being very strongly sponsored by my honourable friend Mr. Narayana Kurup to be given Clerks' posts, Typists' posts and peons' posts. A peon, I think Sir, is a very important member of an organisation. Like Jeeves of Wodehouse, he very often makes or mars the man above him and therefore Sir, if the University can find its way to employ a large number of Peons from the Chalian community particularly as well as from other communities who feel aggrieved because they are not fully represented, I think a very good impetus could be given to the backward classes.

Sir, there is another aspect of this question. It may be said that the University is an autonomous body which has got its own regulations, statutes and rules which very often prevent such concessions being shown.

(At this stage the President took the Chair.)

But Sir, where there is a will, there is a way. For instance Sir, I find, and I find it with thankfulness that the University was pleased to give a grant of Rs. 25 to the Vanchi Poor Fund. I am very grateful for that small sum which has been given to the Vanchi Poor Fund, and

[Mr. K. G. Kunjukrishna Pillai.]

in the same way if the University wants to do something to the unrepresented, to the Chalia community in particular, and give more peons' posts to them, Sir, it will be a great boon, it will be the recognition of a principle which will hearten the other unrepresented communities and will satisfy the sense of justice of honourable members like Mr. T. K. Velu Pillai and myself. Therefore, viewing this question in the aspects presented, I request the Pro-Vice Chancellor and the University authorities that they may view this question with great sympathy and consideration. With these words Sir, I also support the principle contained in the motion.

MR. KOTTALIL P. ABRAHAM: Sir, I also support the principle involved in this motion. The University was exempted from the operation of the rules regarding Public Service Recruitment on the ground that technical qualifications may have to be considered in the matter of appointments to the University, just as the Judiciary was also exempted from the operation of those rules. But regarding the class of persons noted in the motion, namely Clerks, Attenders and Peons, I do not understand why the appointments of this class of people should be exempted from the operation of the Public Service Recruitment Rules. In fact, as Mr. Narayanan said, there is no objection raised either by the Pro-Vice-Chancellor or by the Registrar or for the matter of that by anybody else concerned that a communal representation is not possible in the appointment of Clerks, attenders and peons.

I have to support this motion on another ground also. Very often I have noticed when interpellations relating to the University are answered in this House, the member for the Government saying that particulars were not available or could not be given simply because they related to the University which is an autonomous body.

PRESIDENT: No. Latterly the practice has grown of figures being supplied by the courtesy of the University.

MR. KOTTALIL P. ABRAHAM: Yes, Sir. When it is treated as a matter of courtesy alone, I use this opportunity to exercise the right of this House to protest against such practice, because now is the time when the University wants a grant from this House. This is the proper time to raise our objections also.

All the same, I have to submit that this House has to make a margin in favour of the University in regard to the appointments mentioned in the motion. The University is, as we all know, a very recent institution. I believe it was started even before the rules relating to the public service recruitment were finally settled. The University requires only a limited number of persons and they have already appointed the necessary number of persons. Probably all these officers are young enough. It is not yet time for vacancies to occur in the appointments already made. So, seeing the shortness of the period during which these appointments have been continuing I think we must give a chance for the University to find proper places for applying the principle of communal representation in the matter of appointments to these lower grades.

MR. N. NARAYANA KURUP: സർ, യൂണിവേഴ്സിററിസ്ഥാപനത്തിൽ ഗുമസ്തന്മാരായും അററൻററന്മാരായും ശിപായിമാരായും മററു ഹിന്ദുക്കളെ നിയമിക്കണമെന്നുള്ള ഉപക്ഷേപത്തിന്റെ തത്വത്തോടു ഞാൻ യോജിക്കുന്നു ഈ ഉപക്ഷേപത്തെപ്പററി വാദപ്രതിവാദം നടത്തിയകൂട്ടത്തിൽ യൂണിവേഴ്സിററിയിലെ ക്ലാസുകളിൽപോലും അസമത്വം അനുഭവിക്കുന്ന സമുദായക്കാർക്ക് പ്രവേശനം ലഭിക്കുന്നില്ലെന്നും പരീക്ഷയിൽ മാർക്കു കുറവായാൽതന്നെയും അവശസമുദായക്കാരുടെ കുട്ടികൾക്ക് യൂണിവേഴ്സിററിയിൽ പ്രവേശനം അനുവദിച്ച് സമുദായപ്രാതിനിധ്യം പാലിക്കണമെന്നും വാദപ്രതിവാദം നടക്കുകയുണ്ടായി. കൂടാതെ പല സമുദായക്കാർക്കും ഗവണ്മെൻറുസർവീസിൽ പ്രവേശനം കിട്ടിക്കൊണ്ടിരിക്കുന്നുവെന്നും അതേ സമയംതന്നെ മററു ചില സമുദായക്കാർ അവശതയനുഭവിച്ചുകൊണ്ടിരിക്കുന്നുവെന്നും പ്രസ്താവിച്ചുകാണുന്നു. ഇതു ഏറെക്കുറെ പരമാർത്ഥമാണ്. എന്തുകൊണ്ടാണ് ചില സമുദായക്കാർക്കു കൂടുതലായി പബ്ളിക്കു സർവീസിൽ പ്രാതിനിധ്യം ലഭിച്ചത്? മി. പടിയറ ജോസഫ്കുഞ്ഞു പറഞ്ഞതുപോലെ ചില സമുദായക്കാർ പറമ്പുകളും മററും വെട്ടികിളച്ച് സമ്പത്തു വർദ്ധിപ്പിച്ചതും കൈതഴമ്പിച്ചിട്ടുള്ളതും പരമാർത്ഥമാണ്. അതേ സമയത്തു മററു ചില സമുദായക്കാർ തറവാട്ട് വിററ്, സർവവും വിററ് ഗവണ്മെൻറുസേവനം കാംക്ഷിച്ച് വിദ്യാഭ്യാസം ചെയ്കയും മുൻപിനാലെ ഗവണ്മെൻറു സർവീസിൽ പ്രവേശിക്കയും കൂടുതൽ പ്രാതിനിധ്യം ലഭിക്കയുംചെയ്തു. അതിന്റെ ഫലമായി ആ സമുദായത്തിലുള്ളവർ സാമ്പത്തികമായി അധഃപതിച്ചു. എന്നാൽ ഇന്നു അവശതയിലനുഭവിക്കുന്നെന്നു പാടുന്ന വമ്പിച്ച സമുദായക്കാർ നേരത്തെ ബുദ്ധിപൂർവം പ്രവർത്തിച്ചു. അവർ ആദ്യം സമ്പത്തു വർദ്ധിപ്പിച്ചു. പിന്നീടു പഠിച്ചു. വിദ്യാഭ്യാസവും സമ്പത്തും ജനസംഖ്യയും ഒരുപോലെ വർദ്ധിച്ചപ്പോഴം, അസമത്വം നീക്കാൻ വാദിക്കുന്നു. മററു പ്രാതിനിധ്യം കൂടുതലുണ്ടെന്നു പറയുന്ന സമുദായക്കാർ, സമ്പത്തിനെ കാംക്ഷിക്കാതെ ആദ്യം രാജ്യസേവനം മാത്രമാണു കാംക്ഷിച്ചത്.

PRESIDENT: It is mainly on account of the legislative ingenuity of the community.

MR. N. NARAYANA KURUP: അതിലും കുറച്ചു പരമാർത്ഥമുണ്ട്. ചില സമുദായക്കാർ അവരുടെ സമ്പത്തു വർദ്ധിപ്പിച്ചതിനുശേഷം വിദ്യാഭ്യാസം ചെയ്യണമെന്നു വിചാരിച്ചു. അതിനുശേഷം അവർ ഉദ്യോഗം കാംക്ഷിച്ചു. അവർ ഞങ്ങളെപ്പോലെ സമ്പത്തു നഷ്ടപ്പെട്ട് വിദ്യാഭ്യാസം ചെയ്യണമെന്നാഗ്രഹിച്ചില്ല. അവരുടെ ശ്രമത്തെ ഞാൻ ശ്ലാഘിക്കുന്നു. അവർക്കു അസമത്വം പബ്ളിക്ക് സർവീസിൽ ഉണ്ടെന്നു

[Mr. N. Narayana Kurup.]

പറഞ്ഞു. അവർക്ക് ശരിയായി പ്രാതിനിദ്ധ്യം കൊടുക്കേണ്ടതു് അത്യാവശ്യമാണ്. ഞാൻ അതിനോട്ട് യോജിക്കുകയും ചെയ്യുന്നു. എന്നാൽ ഏററവും അവശതയനുഭവിക്കുന്ന സമുദായക്കാരുണ്ടെങ്കിൽ അവരെ മറെറല്ലാ സമുദായക്കാരുംകൂടി ശ്രമിച്ച് അഭിവൃദ്ധിയുണ്ടാക്കണം. ഈ സന്ദർഭത്തിൽ പാകെ സമുദായപ്രാതിനിധ്യവാദം ഇന്നലെ വന്നപ്പോൾ പബ്ളിക്കു സർവീസിൽ പ്രാതിനിധ്യക്കുറവുള്ള എല്ലാ സമുദായങ്ങളും യോജിച്ചുനിന്നു ഏററവും അവശതക്കാര്യത്തിൽ അനുഭവിക്കുന്ന അദ്ദേഹത്തിൻെറ സമുദായമുൾപ്പെട്ട സമുദായങ്ങളുടെ അവശതകളെ പരിഹരിക്കണമെന്നു എൻെറ മാന്യസ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ പ്രസ്താവിച്ചു. അതിനോടുകൂടി ഞാൻ പൂർണ്ണമായി യോജിക്കുന്നില്ല. പറയർ, പുലയർ, കുറവർ, വണ്ണാൻ, ചാലിയൻ, അരയൻ, വാലൻ തുടങ്ങിയ സമുദായങ്ങളിൽ നിന്നും വിദ്യാഭ്യാസംചെയ്തു പരീക്ഷായോഗ്യതകളുള്ളവരുണ്ട്. അങ്ങിനെയുള്ള സമുദായക്കാരാണ് കൂടുതൽ അവശതയുള്ള സമുദായക്കാർ. എല്ലാംകൂടിനോക്കിയാലും, ൱൫൦ പേരിൽ കൂടുതൽ പരീക്ഷായോഗ്യരായിക്കാണുകയില്ല. ഇപ്രകാരമുള്ള സമുദായക്കാരെ പബ്ളിക്ക്സർവീസിൽ പ്രവേശിപ്പിച്ച് അവരുടെ മതിയും കൊതിയും തീരുന്നതുവരെ അവർക്ക് ഉദ്യോഗങ്ങൾ കൊടുക്കാൻ നാം ശ്രമിക്കണം. മി. കുഞ്ഞുകൃഷ്ണപിള്ള പ്രസ്താവിച്ചു, ഞാൻ ചാലിയന്മാരുടെ പ്രാതിനിധ്യത്തെ ആസ്പദമാക്കി വാദം നടത്തിയെന്നു്. അതു ശരിയല്ല. ചാലിയർ, കുറവർ, പറയർ, പുലയർ, വണ്ണാൻ ഇപ്രകാരമുള്ള അവശതകളനുഭവിക്കുന്ന എല്ലാ സമുദായക്കാരേയും സ്പർശിച്ചാണ് ഞാൻ വാദിച്ചതു്. ഈ സമുദായങ്ങളിൽനിന്നും ആകപ്പാടെ നോക്കിയാൽ ശിപായി ഉദ്യോഗത്തിനും മററും യോഗ്യതയുള്ളവരായി ഉദ്ദേശം ൱൫൦ പേർ മാത്രമേ കാണുകയുള്ളൂ. അവരെ ആദ്യമായി സർവീസിൽ പ്രവേശിപ്പിക്കുവാൻ ഗവണ്മെൻറു ശ്രമിക്കണം. അതിനുശേഷം മതി, ഈ യോജിച്ചുള്ള പട്ടികയിലുള്ള നിയമനങ്ങൾ. അതുകൊണ്ടു് അവശതയനുഭവിക്കുന്ന സമുദായങ്ങളുടെ കാര്യങ്ങളിൽ സമുദായപ്രാതിനിധ്യവാദംപോലെതന്നെ അവർക്കു കാളേജിൽ പ്രവേശനപ്രാതിനിധ്യവുംകൂടി കൊടുക്കണമെന്നുള്ള വ്യവസ്ഥ ഉണ്ടാക്കാമെങ്കിൽ നല്ലതാണ്. എന്നാൽ യൂണിവേഴ്സിററിയിൽ പ്യൂൺമാരായിട്ടും മററും ഇരിക്കുന്നതിന് ഗവേഷണപ്രവീണതയോ വിദ്യാഭ്യാസധുരന്ധതയോ ആവശ്യമില്ലാത്തതുകൊണ്ടു് ഈ പ്രമേയം തത്വം കാര്യമാണ്. ഈ വിഷമമില്ലാത്ത സംഗതിയിൽ പ്രോ വൈസ് ചാൻസലർ ശ്രദ്ധ വയ്ക്കണമെന്നുള്ള പ്രത്യേക അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

MR. M. R. NARAYANA PILLAI: Sir, I move that the question be now put.

The closure motion was then put and carried.

MR. C. V. CHANDRASEKHARAN: Sir, the discussion on this motion has centred upon two points, one with regard to the appointment of representatives of backward communities as clerks, attenders and peons in the various offices of the University, and the other, a more important matter, with regard to admission to colleges and University institutions.

With regard to the representation of backward communities in the University Offices, I am afraid that there has been a great deal of exaggeration and misapprehension on the part of hon. members of the House who have spoken on behalf of the backward communities. It is true, Sir, that the Government have exempted the University from the operation of the Public Service Recruitment Rules. But at the same time, Government have, I think wisely, insisted that the University should bear the principles of the Public Service Recruitment Rules in mind and should follow the principles underlying those rules as closely as possible in the appointments made in the University. Now, this principle was accepted from the time of the inception of the University and this principle, I can assure the hon. members of the House, has been very faithfully and very strictly followed in the appointments made in the University Offices.

I am very grateful to several members of this House who complimented me on my fairmindedness and sense of justice, and if those compliments are, as I trust genuine and not merely conventional, I hope that they will accept my assurance that the new appointments made in the University have all been made on the basis of this principle that due and sufficient and adequate encouragement should be given to the members of the backward communities in the appointment to the various offices. Of course, several institutions were transferred to the University and those institutions were already full of clerks who belong to what may be called the forward communities; and in such cases it is not possible for the University to do much. But in the case of new appointments in the University and new offices created under the University, I can assure the hon. members that the University has been very careful and very solicitous in this matter; and I am surprised that hon. members should have brought this charge against the University which, so far as this matter is concerned, is entirely under the control of the Pro-Vice-Chancellor, one who has been for five or six years the Protector of the Backward Communities, who knows very intimately about their disabilities and disadvantages and who has, for what he has been able to do for them earned the esteem and the regard of the representatives of those communities.

Now, Sir, I shall give a few figures with regard to this. Take the University office. It is a new office. When the University was started, I had to find some experienced clerks to come and organise the office; and these experienced clerks came from Government service, mainly from the Education Department. But, apart from that, out of

[Mr C. V. chandrasekharan.]

33 clerks in the University Office, 15 belong to backward communities, nearly 50 per cent. There are 3 'Other Hindus', 1 Muslim, 4 Ezhavas, 1 Nadar, 1 S. I. U. C., 3 latin Catholic 1 Kammala and 1 'other Christian.' Thus it will be seen that nearly 50 per cent. of the clerks in the office of the University belong to various unrepresented communities. Or, take another office. Take the office of the department of Research which is also a new office. You will find that out of the 13 clerks in that Office 6 clerks belong to the inadequately represented communities. And so with regard to every new office that has been created in the University. To talk about *aneedhies* and *azhimadies* in the University appointments is, if I may so say, the height of absurdity.

There is one other misunderstanding which I would like to clear up in this matter, that the Pro-Vice-Chancellor does not know how these things are going on and has no facilities for knowing about these things and that if they are brought to his attention, he will see that justice is done. Well, Sir, I take the entire responsibility for every new permanent appointment that has been made in the University. Because of the Government rule that the University should bear in mind the principles underlying the Public Service Recruitment Rules, we have made it a rule in the University that all the Heads of University Offices should get my sanction before permanent appointments are made in their respective offices. Therefore, the entire responsibility, as I say, is assumed by me in this matter.

MR. K. P. KOCHUKORA THARAKAN: ലിസ്റ്റു് യാതൊരു തരത്തിലും പുറത്തുവിടാതിരുന്ന കാലത്തോളം നിയമനകാര്യത്തിൽ അനീതി ഉണ്ടെന്നോ; ഇല്ലെന്നോ മനസ്സിലാക്കുന്നതെങ്ങനെയാണു? .

MR. C. V. CHANDRASEKHARAN: The University never refused to furnish information.

MR. THARIATH KUNJITHOMMEN: ഇതിൽ ബ്രാഹ്മണരെത്ര, നായന്മാർ എത്ര, വെള്ളാളർ എത്ര, സിറിയൻകത്തോലിക്കർ എത്ര, ലാററിൻകത്തോലിക്കർ എത്ര എന്നു് അറിഞ്ഞാൽ കൊള്ളാം.

MR. C. V. CHANDRASEKHARAN: If the Honourable member will put down a question, I will supply the answer.

MR. THARIATH KUNJITHOMMEN: മററു പല സമുദായങ്ങളുടേയും കണക്കു പറഞ്ഞപ്പോഴും ഈ കണക്കുകൂടി പറയാമല്ലോ.

MR. C. V. CHANDRASEKHARAN: I have said that 50 % of the appointments were given to candidates belonging to backward communities. As I was saying, if the Honourable member will put down a question, I will give full details.

MR. THARIATH KUNJITHOMMEN: സിറിയൻകത്തോലിക്കർ അവശസമുദായത്തിൽപ്പെട്ടവരല്ലെങ്കിലും ഇക്കൂട്ടത്തിൽ അവരിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

MR. C. V. CHANDRASEKHARAN: So far as the University Office is concerned, there are seven Brahmins and eight Nairs.

MR. PADIYARA JOSEPH KUNJU: അദർക്രിസ്ത്യൻസ് എന്നവിഭാഗത്തിൽ ഉൾപ്പെട്ടവരല്ല സിറിയൻ കത്തോലിക്കരെന്ന് മെമ്പർക്ക് അറിയാമല്ലോ?

MR. C. V. CHANDRASEKHARAN: There are Latin Catholics, Other Christians, S. I. U. C., and Marthomite. Probably the 'Other Christians' refers to Catholics.

MR. PADIYARA JOSEPH KUNJU: സർ, ജനസംഖ്യയിൽ വളരെ ഒരു ന്യൂനഭാഗമായിട്ടുള്ള ഈ ബ്രാഹ്മണരിൽനിന്ന് ഏഴുപേരെ നിയമിച്ചപ്പോൾ സിറിയൻകത്തോലിക്കരിൽനിന്ന് ഒരാളെപ്പോലും നിയമിക്കാതിരുന്നതിന് വല്ല പ്രത്യേക കാരണവുമുണ്ടോ എന്ന് ദയവായി പറയുമോ?

MR. C. V. CHANDRASEKHARAN: If my memory serves me right there are one or two Catholics also.

MR. THARIATH KUNJITHOMMEN: ഇതിൽ സിറിയൻ കത്തോലിക്കരെ നിയമിക്കാതിരിക്കാൻ വല്ല പ്രത്യേകകാരണവുമുണ്ടോ?

MR. C. V. CHANDRASEKHARAN: No, Sir. There is no special reason as the Chief Secretary answered this morning. Of the Brahmins four or five were already in service and they were transferred from other offices.

MR. PADIYARA JOSEPH KUNJU: ഏഴു ബ്രാഹ്മണരെ നിയമിക്കാൻ ഇടയായത് പ്രോവൈസ്ചാൻസലർ ഒരു ബ്രാഹ്മണൻ ആയതുകൊണ്ടാണോ എന്ന് പ്രസ്താവിക്കാൻ ദയവുണ്ടാകുമോ?

MR. C. V. CHANDRASEKHARAN: I am very glad that Mr. Padiyara Joseph Kunju has given me the certificate of being a Brahmin.

MR. T. C. KESAVA PILLAI: ഇതിൽ എല്ലാത്തിലും ബുദ്ധിയുള്ള ജാതി ഏതാണ്?

MR. C. V. CHANDRASEKHARAN: That is a matter of opinion.

MR. K. P. KOCHUKORA THARAKAN: യൂണിവേഴ്സിററിയിലേക്കുള്ള ക്ലാർക്കന്മാരുടെയുംമററും നിയമനത്തിന് മററു ഡിപ്പാർട്ടുമെൻറുകളിൽനിന്നും ട്രാൻസ്ഫർ ചെയ്തു എന്നു പറഞ്ഞല്ലോ. അപ്പോൾ മററു സമുദായങ്ങളിൽനിന്നും എടുക്കാൻ ആളുകളില്ലായിരുന്നോ?

MR. C. V. CHANDRASEKHARAN: I was then Director of Public Instruction and I knew only about the Director's office. I selected some clerks not on account of communal claims or anything like that.

Similarly with regard to Attenders and Peons you will find that so far as new appointments are concerned, this principle has been very faithfully borne in mind by the University. Even in regard to the temporary appointments in short vacancies which were left in the hands of the Heads of offices which did not come to the University, a circular was issued by me from my office, circular dated 8th August 1940 reads.

> "The attention of the heads of subordinate institutions is invited to the fact that preference should be given to members of unrepresented or inadequately represented communities even in appointments made in vacancies of short duration. Previous sanction of this office should be obtained for the appointment of members of well-represented communities even in short vacancies".

[Mr. C. V. Chandrasekharan.]

I do not think it is necessary for me to spend more time on this aspect of the matter. But I would protest against the various allegations and insinuations that have been made on this point. Any information which the honorable members of the House want about University affairs will be furnished to them readily and from such information they can judge for themselves whether this principle has been faithfully followed or not.

The other aspect of the discussion turned on a far more important a matter vital to the interests of the University, with regard to the admission to the Colleges. This matter is coming up again in the form of a token motion asking for 25 % reservation of seats in the University for backward communities. You do not strengthen a case by overstating it. My point is that representatives of the backward communities who have been talking about the exclusion of backward communities from the various Colleges are crying before they are hurt. They are protesting too much. They are using the language of exaggeration, rhetoric and hyperbole in this matter. It is utterly absurd to say that the Colleges are deliberately excluding members of the backward communities so that in a few years' time there will be no qualified candidates from the backward communities for appointments in Government service. What are the facts? Take for example the University College. Take this year's admission of Ezhava applicants in that College and in other Colleges.

	No. applied.	*No. admitted.*
University College	72	45
Women's College	11	11
Law College	18	18
Sanskrit College	17	17
Engineering College Degree Course	4	1

MR. THARIATH KUNJITHOMMEN: ഈ കണക്കനുസരിച്ച് സിറിയൻ കത്തോലിക്കർ എത്ര പേരുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

MR. C. V. CHANDRASEKHARAN: I know Mr. Kunjithommen is very much interested in the Syrian Catholics. I will come to that.

MR. K. R. NARAYANAN: മെഡിക്കൽ കാളേജിലെ കണക്കുകൾ കൂടി പറയുവാൻ ദയവുണ്ടാകുമോ?

MR. C. V. CHANDRASEKHARAN: Surely. Mr. Narayanan knows that there is no Medical College in our University?

	No. applied for.	*No. admitted.*
Engineering College Certificate Course	3	2
Institute of Textile Technology	2	1

So, to talk as if the University was started by the Government and the University authorities with the deliberate nefarious intention of excluding backward communities for ever and ever from appointments, is ludicrous.

MR. THARIATH KUNJITHOMMEN: ഇഞ്ചിനീയറിംഗ് കാളേജിൽ ബ്രാഹ്മണർ എത്ര, നായന്മാർ എത്ര, ലാററിൻ കത്തോലിക്കർ എത്ര, സിറിയൻ കത്തോലിക്കൻ എത്ര, പ്രോവൈസ് ചാൻസിലർക്ക് ബ്രാഹ്മണരുടെ പേരിൽ എങ്ങിനെയാണോ അതുപോലെയാണ് എനിക്ക് സിറിയൻ കത്തോലിക്കരിൽ പ്രതിപത്തി എന്നറിയാമല്ലോ.

MR. C. V. CHANDRASEKHARAN: In answer to an interpellation yesterday a list of the various communities who applied and were admitted to the Engineering College was given. It is extremely unfair to the University and the Government to impute motives of this kind and to say that their object is to exclude candidates from the backward communities. The only institution about which there may be some grievance is the Engineering College. In all the Colleges we are relaxing the rules in order to provide for backward communities. The rule is that no student who has made more than three attempts to pass the Intermediate Examination should be admitted and several Brahmin and Nair candidates have been refused admission on the ground that they have made more than three attempts for the Intermediate Examination. But in the case of candidates belonging to the backward communities we have relaxed the rules. Admissions have been given even to those who have passed the Intermediate Examination in their fourth or fifth attempt. The position regarding the Engineering College should be explained. There are 21 seats and the seats are filled strictly according to merit.

MR. K. R. NARAYANAN: നാല് ഈഴവർ അപേക്ഷിച്ചിരുന്നതിൽ ഒരാളെ എടുത്തു എന്നു പറഞ്ഞു. എന്നാൽ തിരുവിതാംകൂർ യൂണിവേഴ്സിററി ഉണ്ടായതിനുശേഷം എത്ര ഈഴവർ അപേക്ഷിച്ചു എന്നും എത്രപേരെ എടുത്തു എന്നും പറയുവാൻ ദയവുണ്ടാകുമോ?

MR. C. V. CHANDRASEKHARAN: I have not got the figures. There were years when there were no applicants from the Ezhavas. Last year there was no applicant from the Muslims or the Ezhavas. Mr. K. R. Narayanan said he was shocked to find that out of 86 applicants only 3 Ezhavas were admitted. But how many Ezhava applicants were there? There were not more than 7 or 8 or at the most 10 applicants from among the Ezhavas and from among them three or four were admitted. Three out of eight is a very good proportion when you take into consideration the fact that well qualified Brahmin and Nair candidates had to be sent away. Admission to the Engineering College is strictly based on merit. There is a written examination conducted by the College Professors and there is also a *viva voce* examination. On the basis of the total marks selection is made. A list is drawn up by the College authorities and sent to the University. This list is based strictly on the merit of the candidates. Twenty-one people who get the highest marks are admitted. But this year we found that there were no Ezhava, Muslim or Latin Catholic candidates in the first list. So I

[Mr. C. V. Chandrasekharan.]

went out of my way and asked the Principal of the Engineering College to reserve a few more seats. I asked him to select the best applicant one each from the Ezhavas, the Muslims and the Latin Catholics. As a result of this, one Ezhava, one Muslim and one Latin Catholic were admitted to the College. The compulsory provision of 25 per cent reservation will do harm to the University. Examples of the Madras and other Universities have been quoted. But under our conditions the reservation of 25 per cent is quite unnecessary. With regard to the University College and other Colleges 25 per cent is unnecessary and with regard to the Engineering College it is impracticable in the sense that there may not be any Ezhava or Muslim applicant. Last year this happened. When we admitted one or two out of four or five applicants, I think the Ezhava community should feel satisfied. The Principal of the Engineering College is a European. He has no communal partiality. He insists on a written examination and *viva voce* for selection of applicants for admission.

MR. KAVIYOOR K. K. KOCHUKUNJU: എന്റെ ഉപക്ഷേപം മററു ഹിന്ദുക്കളെ പ്രതിനിധീകരിച്ചുകൊണ്ടാണ് അവതരിപ്പിച്ചതു്. അതിന്റെപ്പററി ഒന്നും പറഞ്ഞുകാണുന്നില്ല.

MR. C. V. CHANDRASEKHARAN: I know Varnavas are on the brain of Mr. Kochukunju. I think a Varnava was appointed as an Attender in the University Office.

MR. KAVIYOOR K. K. KOCHUKUNJU: മററു ഹിന്ദുക്കൾ എന്നു പറഞ്ഞാൽ വർണ്ണവർ എന്നു മാത്രം അർത്ഥമാകയില്ലെന്നു ബഹുമാനപ്പെട്ട മെംബർക്കു അറിയാമൊ?

MR. C. V. CHANDRASEKHARAN: No, Sir. But there are wheels within wheels. His next question will be about Varnavas.

SADASYATILAKA T. K. VELU PILLAI: Which is the University College in Trivandrum?

MR. C. V. CHANDRASEKHARAN: The Science College and the Arts College have been amalgamated and the new College is called with the sanction of Government "His Highness the Maharaja's University College". It is the largest institution in the University and its work relates to several faculties.

SADASYATILAKA T. K. VELU PILLAI: Is it an arbitrary name?

MR. C. V. CHANDRASEKHARAN: Sir, I have already explained why this College is called the University College. Sir, I have been saying that this 25 per cent reservation is unnecessary in the case of most of the Colleges and is impracticable in the case of the Engineering College. I would therefore appeal to the honourable members to drop this matter and not to insist on reservation in the interests of the University. Our University is in an infant stage and we should not create the impression that we are giving admissions without reference to the qualifications and merits of candidates. To create such an impression is detrimental to the interests of the University. The University sets

before itself the maintenance of high standards as one of its fundamental aims. Before I close, may I thank Mr. K. G. Kunjukrishna Pillai for his references about me and may I congratulate him for his winning the bet with regard to the dinner party.

SADASYATILAKA T. K. VELU PILLAI: Sir, I rise to a point of order. Is the member in order in giving compliments and thanks to another honourable member when he is at the business of the House?

PRESIDENT: This House has generally to do with the speeches made by the honourable members. The point of order arises only when there is a vote on the question of the dinner party. But if the point of order has arisen on the ground that no honourable member should not reply to a speech made by another honourable member, that is a matter which depends on the honourable member's discretion and good taste.

SADASYATILAKA T. K. VELU PILLAI: Sir, I wanted only to say that it was irrelevant.

PRESIDENT: No doubt it may be embarrassing to other people to hear mutual compliments being made as they are also expecting some compliments. That is a matter which we have to swallow without any discontent or disappointment.

The motion was, by leave, withdrawn.

MR. C. V. CHANDRASEKHARAN: Sir, Mr. Raman Kunju has given notice of a number of motions on Fisheries. All of them relate either to the conservation, or the Development of Fisheries. These suggestions can neither be accepted nor rejected by the University at this stage. I may inform Mr. Raman Kunju that the University is proposing to form a small advisory committee for the Department of Fisheries and Mr. Raman Kunju, it is hoped will be on the committee and help it with his expert knowledge of fisheries. In the light of this assurance I trust that Mr. Raman Kunju will not move the motions which relate not so much to the criticism of the administration of the department as to the development of the fisheries. Otherwise, Sir, the discussion will become very fishy.

PRESIDENT: Eight minutes cannot be more fishy than what has been piscatory for more than one hour and fifty minutes.

MR. CODIVEETIL C. RAMAN KUNJU: Sir, I move Motion No. 247 only. But I hope that the object of the motion will be duly considered by the Pro-Vice-Chancellor. If the honourable Pro-Vice-Chancellor can assure me that it will receive his attention, I shall drop it.

MR. C. V. CHANDRASEKHARAN: Certainly, Sir. Every suggestion made by every honourable member of this House will receive sympathetic consideration.

SADASYATILAKA T. K. VELU PILLAI: With your permission, Sir, may I point out that some of these motions are for vote. But the Pro-Vice-Chancellor has made it impossible by his soliciting ......

PRESIDENT: There is one important matter which has arisen for consideration. Mr. Raman Kunju has not moved his motion. When he was about to move, the Pro-Vice-Chancellor stated that it was the intention of the University which I presume he has consulted in this

[President.]

matter, to appoint a committee. That was a statement made as soon as the honourable member Mr. Raman Kunju rose to move a motion. That was by way of an interruption. And as soon as that interruption was concluded Mr. Raman Kunju stated that in those circumstances he would not move the motion. That is all what has happened.

Motion No. 242.

MR. P. NARAYANA PILLAI: Sir, I move that the total allotment of Rs. 8,50,000 under Demand XVIII be omitted. The object of my motion is to discuss the necessity of giving due prominence to Malayalam language. Sir, the Travancore University is situated on the Kerala part of India.

MR. K. G. GOVINDAN: Sir, there are other cut motions. That is a motion for complete omission.

PRESIDENT: I am sorry. This will come in the end.

Motion No. 256.

MR. N. NARAYANA KURUP: Sir, I move, "to reduce Rs. 10 from the total allotment of Rs. 8,50,000 under Demand XVIII."

The object of my motion is to speak of a separate Fishery Department.

സർ, ഫിഷറി ഡിപ്പാർട്ടുമെൻറ യൂണിവേഴ്സിററിയിൽ നിന്നും വേർതിരിക്കണം എന്നുള്ളതിനെപ്പററി പ്രതിപാതിക്കുവാനാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു്. യൂണിവേഴ്സിററിക്ക് ഗവേഷണം സംബന്ധിച്ചുള്ള കാര്യങ്ങളിൽ നല്ല പ്രാപ്തിയുണ്ടെന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നു. എന്നാൽ ഫിഷറി ഡിപ്പാർട്ടുമെൻറുപോലെയുള്ള ഒരു ഡിപ്പാർട്ടുമെൻറിൻെറ ഭരണസംബന്ധമായ ചുമതലകൾ നിർവഹിക്കുവാനും ആദായകരമായ പ്രവൎത്തനങ്ങൾ നടത്തി ഗവൺമെൻറിൻെറ വരവിനെ അഭിവൃദ്ധിപ്പെടുത്തുവാനും പര്യാപ്തമാകത്തക്കവണ്ണമുള്ള ചുമതലയോ അതിനുള്ള സൗകര്യമോ യൂണിവേഴ്സിററിക്ക് ഇല്ല. ഈ ഫിഷറിവകുപ്പ് ഒന്നുകൂടി പരിഷ്കരിക്കുവാൻ ശ്രമിക്കുമെങ്കിൽ നമ്മുടെ ഗവൺമെൻറിനു ആണ്ടുതോറും രണ്ടു ലക്ഷം രൂപാ ആദായം ഉണ്ടാകും. ഇന്നത്തെ നിലയ്ക്കു ഫിഷറിഡിപ്പാർട്ടുമെൻറിൻെറ ഗവേഷണപരവും ഭരണപരവുമായ കാര്യങ്ങൾ, രണ്ടും കൂടി യൂണിവേഴ്സിററിയുടെ ചുമതലയിൽ വച്ചിരിക്കുന്നതുകൊണ്ടു് രണ്ടും വേണ്ടവണ്ണം പുരോഗമിക്കുന്നില്ലെന്നു വേണം പറയുവാൻ. യൂണിവേഴ്സിററിയിൽ, ഇന്നത്തെ, ഗവൺമെൻറിൻെറ നയം അനുസരിച്ചു നോക്കുമ്പോൾ, ഭരണച്ചുമതല ഏറെറടുക്കുവാൻ വകുപ്പദ്ധ്യക്ഷന്മാർ ഇല്ലെന്നോ, വേണ്ടെന്നോ വരുന്ന ഏതു ഡിപ്പാർട്ടുമെൻറിൻെറയും ഭരണചുമതല ഏല്പിക്കാം എന്നു തോന്നിപ്പോകുന്നു. അങ്ങനെ ഏല്പിക്കുന്നതിൽ ആർക്കും ഒരു വിരോധവുമില്ല. എന്നാൽ ഫിഷറി ഡിപ്പാർട്ടുമെൻറ

ഒരു പ്രത്യേക വകുപ്പാക്കി ഗവണ്മെൻറിൻെറ മേൽനോട്ടത്തിൽ ഭരിക്കപ്പെടുന്നപക്ഷം കൂടുതൽ കാര്യക്ഷമമായ പ്രവൎത്തനം ആ വകുപ്പിനു നടത്താവുന്നതാണു്. ഗവണ്മെൻറിനു കൂടുതൽ ആദായം ലഭിക്കുകയും ചെയ്യും. അതുകൊണ്ടു് ഈ ഡിപ്പാർട്ടുമെൻറു യൂണിവേഴ്സിററിയിൽനിന്നും വേർതിരിക്കണമെന്നപേക്ഷിക്കുന്നു.

SADASYATILAKA T. K. VELU PILLAI: Sir, I second the motion. It would be inconvenient for the University which deals with academical questions to be in charge of any department. More so in the case of the University taking up the administration of the Fisheries Department which it can discharge only inefficiently. For the efficient working of the department, it requires frequent travelling. The University has been functioning to some extent as the Dewan happens to be the Vice-Chancellor of the University. There is some control over the department now. But during his temporary absence the Pro-Vice-Chancellor would be exercising all the functions of the Vice-Chancellor in regard to the functions of the department. Therefore I am of the opinion that Government should have a vigilant control during that period over the Pro-Vice-Chancellor so far as his department is concerned.

MR. K. KUNJU PANICKAR: സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു് എനിക്കു പറയുവാനുള്ളതു് യൂണിവേഴ്സിററിയുടെ ഭരണത്തിൽ ഫിഷറിസംബന്ധമായ കരംപിരിവു മുതലായ കാര്യങ്ങൾകൂടി വന്നുചേർന്നിരിക്കുന്നതു നിമിത്തം ആളുകൾക്കു് വളരെ അസൗകര്യങ്ങൾ നേരിട്ടിരിക്കുന്നു എന്നാണു്. ചങ്ങനാശ്ശേരി, കുട്ടനാട്ടു് മുതലായ സ്ഥലങ്ങളിൽ വല വീശി മീൻപിടിക്കുന്ന ആളുകളിൽനിന്നും കരം പിരിവിനായി ഒരുമാതിരി ചട്ടമ്പികൾ വന്നു് വളരെ ശല്യംചെയ്യുന്നുണ്ടു്. മുമ്പു് ഈ വകുപ്പു് ഇരുന്നതുപോലെ പ്രത്യേകമായി നിയന്ത്രിക്കപ്പെടുന്നപക്ഷം ഈ മാതിരി ഉപദ്രവങ്ങൾ ജനങ്ങൾക്കു് ഇല്ലാതിരിക്കുന്നതാണു. അതുകൊണ്ടു് പഴയരീതിയിൽ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറിനോടു ചേർത്തു് ഫിഷറി ഡിപ്പാർട്ടുമെൻറുകൂടി ഭരിക്കപ്പെടുന്ന പക്ഷം ജനങ്ങൾക്കു് അതു് കൂടുതൽ ഗുണകരമായിരിക്കും.

MR. CODIVEETIL C. RAMAN KUNJU: സർ, ഫിഷറിഡിപ്പാർട്ടുമെൻറു് അതിൻെറ ആരംഭകാലത്തു് കൃഷിവകുപ്പിനോടുചേൎന്നു പ്രത്യേകം ഒരു ഡിപ്പാർട്ടുമെൻറായിട്ടാണു് ഭരണം നടത്തിപ്പോന്നതു. ആ കാലത്തു് ഏററവും അധഃപതിച്ച നിലയിൽ ഭരണം നടത്തിവന്നിരുന്നു. ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിൽ തയാറാക്കപ്പെടുന്ന പാകം ചെയ്യപ്പെട്ട മത്സ്യം മനുഷ്യോപയോഗയോഗ്യമല്ലാത്ത വിധത്തിലാണു് അന്നു് ഇരുന്നിരുന്നതു്: സർ, ഒരിക്കൽ ഒരു ഫിഷറി ഇൻസ്പെക്ടർ ഒരു ഫിഷ് ക്യൂവറിംഗ് യാർഡ് കാണിക്കാൻ ഒരു സ്നേഹിതനെ കൊണ്ടുപോയി,

[Mr. Codiveetil C. Raman Kunju.]

അവിടെച്ചെന്നപ്പോൾ ഷാർക്ക് എന്നു പറയുന്ന മത്സ്യം അവിടെ ഉണ്ടായിരുന്നു. ഫിഷറി ഇൻസ്പെക്ടർ അതു് സാർഡിൻ ആണെന്നു സ്നേഹിതനെ പറഞ്ഞു മനസ്സിലാക്കി. അടുത്തു നിന്ന മത്സ്യവ്യവസായികളുടെ കുട്ടികൾ ചിരിച്ചു. ഉടനെ ഫിഷറിഇൻസ്പെക്ടർ പറഞ്ഞതു് ഈ കുട്ടികളൊക്കെ അറിവില്ലാത്തവരുടെ കൊള്ളരുതാത്ത മക്കൾ എന്നാണു. ഇൻസ്പെക്ടർക്കു Shark-ഉം Sardine-ഉം തിരിച്ചറിഞ്ഞുകൂടാ എന്നിരുന്നാലും മത്സ്യവ്യവസായികളും അവരുടെ കുട്ടികളും കൊള്ളരുതാത്തവരാണു്. ഈ മാതിരിയാണു് ഡിപ്പാർട്ടുമെന്റും ഇതിൽ ഏർപ്പെട്ടിരിക്കുന്നവരുമായുള്ള ബന്ധം നിന്നിരുന്നതു്. എന്നാൽ ഇപ്പോഴത്തെ രീതി അതല്ല. വളരെ വിദഗ്ദ്ധന്മാരായ രണ്ടു ഉദ്യോഗസ്ഥന്മാർ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഇപ്പോൾ ഉണ്ടു്. ഇപ്പോൾ സമയം ഇല്ലാത്തതിനാൽ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

PRESIDENT: The time for the demand is over.

The time allotted for the demand having expired the question that a sum of Rs. 8,50,000 be granted under Demand XVIII—Education—Government Grant to the Travancore University—was put and carried.

The grant was made.

DEMAND XIX—EDUCATION DEPARTMENT.

MR. A. GOPALA MENON: Sir, I move for a grant not exceeding Rs. 43,93,506 under Demand XIX—Education—excluding grant to the Travancore University.

Motion No. 263.

MR. P. KUNJUKRISHNAN: Sir, I move the following motion:

To reduce the allotment of Rs. 18,82,941 for Secondary education by Re. 1.

This is intended to urge upon the Government the necessity for a reduction of school fees by 50 per cent so far as Secondary education in the State is concerned.

It may be presumed in certain quarters that at times like this when we are anticipating lesser revenue receipts during the next year a proposition like this cannot be very reasonably put forward in this House. Sir, I have two reasons for putting forward this proposition. The first is the economic difficulty and the consequent suffering of the people. The second is the need for the average man for getting secondary education. In this connection I would refer to page 3 of the Administration Report wherein it is said:

> "This is obviously due to the acute famine and the prevailing economic depression specially felt by the labourers and agriculturists."

Again, at page 4,

> "Notwithstanding all these facilities, the number of school going children has decreased, the decrease being in the case of the children of farmers, householders, traders, artisans, day-labourers, domestic servants, etc. Scarcity of money and slump in the labour market consequent on the War situation are mainly responsible for the fall in the number of the school children of the above category."

Similarly at page 6, it is said :

> "From the above it may be seen that several parents do not send their children for want of sufficient means to support them. The number of children under instruction of Government servants and other well-to-do parents has increased while that of poor parents who are farmers, house holders, day-labourers etc., has decreased considerably. It is expected that with improvement in the material condition of the people the strength in the schools will show some advance."

Government have in their proceedings admitted that there is acute economic depression and consequent on that there is very great hardship put upon the ordinary man to educate his children especially to give him secondary education which is so necessary for him. It is argued in certain quarters that the present war situation has helped us in getting better prices for our commodities. I would admit that this is possible only in the case of limited number of persons who are in a position to sell their produce. Look at the ordinary people of our country. Most of them depend upon agriculture and small scale industries for their daily maintenance. As for the question of paddy being produced and getting higher prices for paddy we are not at all self-supporting in the matter. We do not produce enough paddy even for local needs. So the question of getting money by the sale of paddy does not arise. Now, our industries are suffering a lot on account of the war situation. And our daily expenses have only increased. And still expenses for education have yet to be made. The anticipated fall in revenue receipts so far as customs, etc., are concerned will convince us that in these matters there will necessarily be hardship during the coming year and in consequence the masses of the people will have to suffer.

The next reason for my introducing this motion is that secondary education is vitally necessary for the coming generation of this land.

(At this stage the Deputy President took the Chair.)

I am glad to submit that Government have given due prominence to this fact and have been spending lots of money on education to see that enlightenment is given to as many people as possible on which alone the prosperity of the State depends. We are as a matter of fact spending now one-sixth of our total revenues for education. This itself will show how vital is the place of education in the programme of Government. For the ordinary man it is not possible at all to get higher education, I mean collegiate education. It is far beyond his reach. But it must be made possible to him to give secondary education to his children. The days are such that if the coming generation is not given opportunities for secondary education at least up to the School Final class, they will not be in a position to keep pace with the changing conditions of the world and to lead a life useful not only to themselves but also to the State. On this point I need not dilate very much. Suffice it to say that if this minimum education is not made possible to the younger generation of this State, it will bring about a set back in the economic, political, cultural and educational progress of the State.

[Mr. P. Kunjukrishnan.]

The economic distress of the people having been recognised by the Government, the Department has, at the instance of Government, resorted to certain ameliorative measures. This will add to the force of my proposition. At page 2 of the Administration Report, it is stated,

> "On account of the economic distress prevailing in the country and as an ameliorative measure the text books prescribed in schools for the school year 1940-41 were re-prescribed for the year 1941-42 with a view to give relief to the pupils and their parents; again it was ordered that the number of note books to be purchased in all the schools of the State should be limited to five and this step was welcomed and appreciated both by the teachers and the taught as well as the guardians and the people at large."

So ameliorative measures have been taken to a considerable extent by the Government and the Department. It will be argued against this proposition that we are spending a lot already in the cause of education. But, I would also submit that we are spending now an amount which is out of proportion to the receipts we secure from the Education Department. During 1116 we have spent Rs. 50·61 lakhs while the receipts were Rs. 8·42 lakhs. When this question comes up, it has been the policy of Government, and the House not to think of the receipts secured from the Education Department. We have lavishly spent money thinking that it is money well spent for the progress of the State. The plea that we are already spending a lot for education does not hold good. Then, with regard to the actual fee that we derive from secondary section of the department it is about Rs. 3 lakhs and if my proposition is granted Government will lose a sum of about Rs. 1½ lakhs only. Now we are already spending more than Rs. 50 lakhs for purposes of education and the additional expenditure of Rs. 1½ lakhs is worth spending.

SADASYATILAKA T. K. VELU PILLAI: For the sake of information may I know the number of pupils studying in the English Secondary schools of the State?

MR. P. KUNJUKRISHNAN; The total number of boys and girls studying in English Secondary schools is 68,000.

Those who have the experience of coming in contact with the difficulties of the pupils and their guardians and those who have the experience of issuing poverty certificates to students in English schools, will realise that there is a widespread and general inability on the part of the generality of the parents to pay school fees. For IV and V forms, the pupils has to pay more than Rs. 5 per month as fees. The total number of students both in the English and Vernacular branches of education excluding primary in the State comes to 2,55,962 Taking that one student represents one family, we will have 2½ lakhs of families in the State and thus we will give relief to 2½ lakhs of families spread throughout the State.

MR. KOTTALIL P. ABRAHAM: The total number of pupils studying in the schools both English and Vernacular according to the Report is over 7 lakhs.

MR. P. KUNJUKRISHNAN: That relates to the Primary schools.

Government have already taken ameliorative measures in various matters, for example distress relief fund for the low paid officers of the State, and distress relief measures taken in hand in various parts of the State. In view of the facts I have already referred to I would submit that it is only proper that we think seriously of the problem of giving fee concession at this stage. Now, Sir, I am not moving for a reduction of the land tax; even in such cases remission is granted. If remission in school fees is granted, it will be a measure which will reach the masses of the people. It will be most welcome than a remission in laid tax and it will be universally acclaimed as a measure of far reaching benefit. With these words, I strongly commend my proposition for the unanimous acceptance of this House.

MR. K. KUNJU PANICKAR : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു. ഇന്നത്തെ പരിതഃസ്ഥിതിയിൽ സിക്സ്ത്ഫാറം വരെ എങ്കിലും പഠിച്ചിട്ടില്ലാത്ത ഒരാൾക്കു ന്യായമായ അറിവു് സിദ്ധിക്കുകയില്ല. അതുകൊണ്ടു് നാലാംക്ലാസ്സുവരെ എങ്കിലും പഠിച്ചിരിക്കണമെന്നുള്ള നിർബന്ധം ഉണ്ടാക്കിയതുപോലെതന്നെ ഈ പരിതഃസ്ഥിതിയിൽ ജനങ്ങൾക്കു് സിക്സ്ത്ഫാറം വരെ എങ്കിലും പഠിക്കുന്നതിനു വേണ്ട സൗകര്യം നൾകേണ്ടതു ഗവണ്മെൻറിന്റെ ചുമതലയാണെന്നാണു് എന്റെ അഭിപ്രായം. സാധാരണയായി ഗവണ്മെൻറു് വെറും നീതിന്യായഭരണംമാത്രം നടത്തുകയും പോലീസ ഭരണം നടത്തുകയും ചെയ്താൽ അവരുടെ ചുമതല നിർവഹിക്കപ്പെട്ടതായി ഗണിക്കാം. എന്നാൽ പരിഷ്കൃതഗവണ്മെൻറുകൾ അതു മതിയാകുകയില്ലെന്നുദ്ദേശിച്ചാണു് ഓരോ പടിയായി ഗവണ്മെൻറിന്റെ ചുമതല വർദ്ധിപ്പിച്ചു് ജനങ്ങളുടെ നാനാവിധമായ ഐശ്വര്യങ്ങൾക്കു വേണ്ട പല വകുപ്പുകളും ഏറ്റെടുത്തതു്. അങ്ങിനെ ചെയ്യണമെന്നുദ്ദേശിച്ചാണല്ലോ വിദ്യാഭ്യാസവകുപ്പിന്റെ ഭരണം ഗവണ്മെൻറു് ഏറ്റെടുത്തിരിക്കുന്നതു്. ഇന്നു സിക്സ്ത്ഫാറം വരെയുള്ള വിദ്യാഭ്യാസം കഴിച്ചുകൂടാൻ പാടില്ലാതെയാണു വന്നുചേർന്നിരിക്കുന്നതു്. മുൻകാലങ്ങളെ അപേക്ഷിച്ചു ഇപ്പോൾ വിദ്യാഭ്യാസച്ചെലവു വളരെ വർദ്ധിച്ചിരിക്കുന്നു. ഞാൻ പഠിച്ചുകൊണ്ടിരുന്ന കാലത്തു് പ്രിപ്പാറട്ടറി ക്ലാസിൽ നാലുചക്രവും, ഫസ്റ്റ് ഫാറത്തിൽ പത്തുചക്രവും സെക്കൻറിൽ അരരൂപയും തേർഡിനു് ഒരു രൂപയും ഫീസായിരുന്നു. ഇന്നു് ആ സ്ഥിതിയെല്ലാം പോയി. ഒരു തേർഡ ഫാറം വിദ്യാർത്ഥിക്കു് ഒരു കൊല്ലത്തിൽ [illegible]൦ രൂപയിൽ കുറയാതെ ഫീസു കൊടുക്കണമെന്ന നില വന്നിട്ടുണ്ടു്.

MR. A. GOPALA MENON : ഇന്നത്തെക്കാൾ അന്നു വിദ്യാർത്ഥികൾ കൂടുതലാണോ കുറവാണോ?

MR. K. KUNJU PANICKAR : അന്ന് വിദ്യാർത്ഥികൾ കുറവായിരുന്നു. അതിനുംപുറമേ വിദ്യാഭ്യാസം ചെയ്യുന്നതിനു താല്പര്യമുള്ളവരുടെ സംഖ്യയും കുറവായിരുന്നു. ഇന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം ഒഴിച്ചുകൂടാൻ നിവൃത്തിയില്ലാതായിത്തീർന്നിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത്, എന്റെ മാന്യസ്നേഹിതൻ അവതരിപ്പിച്ച പ്രമേയത്തിൽ പറയുന്നതുപോലെ ൫൦ ശതമാനം ഫീസുകുറയ്ക്കണമെന്ന്. അങ്ങിനെ കുറച്ചാൽതന്നെയും ഇന്നു ഞാൻ പഠിച്ചിരുന്നകാലത്തേക്കാൾ ഇരട്ടിയിലധികം കൂടുതൽ ഫീസ് കൊടുക്കേണ്ടതായിവരും. ഇങ്ങനെയുള്ള സൗകര്യംചെയ്തു വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ യുദ്ധപരിതഃസ്ഥിതി ഇല്ലാതിരുന്നുവെങ്കിൽ സെക്കൻററിവിദ്യാഭ്യാസത്തിനു കൂടുതൽ പണം ചെലവു ചെയ്യുന്നതിനെപ്പററി ആലോചിക്കേണ്ട ആവശ്യമില്ല. ഇന്നു ഒരു അസാധാരണ പരിതഃസ്ഥിതിയെയാണ് നാം അഭിമുഖീകരിച്ചിരിക്കുന്നത്. ൫൦ ശതമാനം ജനറൽ റിഡക്ഷൻ സ്ഥിരമായി ചെയ്യണമെന്നു എനിക്കഭിപ്രായമില്ല. താൽക്കാലികമായ ഒരു വ്യവസ്ഥയായിട്ടും ജനങ്ങളുടെ ഇന്നത്തെ സങ്കടാവസ്ഥക്ക് ഒരു പരിഹാരമായിട്ടും ഈ വ്യവസ്ഥ ജനങ്ങളെ സംരക്ഷിക്കുന്നതിനായി ഗവമെൻറ് ചെയ്യുന്നതു് കേവലം യുക്തിപൂർവ്വവും ന്യായവുമായിരിക്കുമെന്നാണ് ജനങ്ങളുടെ വിശ്വാസം. ഈ ൫൦ ശതമാനം ഫീസിൽ കുറയ്ക്കുമ്പോൾ ഗവമെൻറിന്റെ ഈ ഇനത്തിലുള്ള വരവിൽ സാരമായ ഒരു തുക കുറയുമെന്ന ഒരു പ്രശ്നമുണ്ടു. എനിക്ക് അതിനെ സംബന്ധിച്ച ഒരു അഭിപ്രായം ഗവമെൻറിന്റെ മുൻപാകെ പറയാനുണ്ട്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലും മററെല്ലാ ഡിപ്പാർട്ടുമെൻറിലും ൦൦൦ രൂപാ മേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് അവർക്ക് വലിയ ദോഷകരമല്ലാത്ത ശതമാനക്കണക്കിലുള്ള ഒരു തുക അവരുടെ ശമ്പളത്തിൽ വെട്ടിക്കുറച്ചു ഗവമെൻറിന്റെ ചെലവു കുറയ്ക്കാം. ആ മാർഗ്ഗത്തിൽ അധികം വരുന്ന തുക ജനങ്ങൾക്കു പ്രയോജനകരമായ കാര്യങ്ങൾക്കായി വിനിയോഗിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഈ നാട്ടിൽ ഒരാൾക്ക് ൧൦൦ രൂപ വരവുണ്ടെങ്കിൽ സാമാന്യമായ രീതിയിൽ ജീവിതം കഴിക്കുവാൻ സാധിക്കും. അതിൽ കൂടുതലുള്ള തുകയിൽ നിന്നു ഒരു ഭാഗം കുറയ്ക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

MR. A. GOPALA MENON : ഈ സാമ്പത്തികാധഃപതനകാലത്ത് സർക്കാർ ശമ്പളക്കാർക്കാണ് കൂടുതൽ കേടു പററിയിരിക്കുന്നതെന്നു മെംബർക്കു അറിയാമോ?

MR. K. KUNJU PANICKAR : അതുകൊണ്ടാണ് ൱ രൂപയ്ക്കുമേൽ എന്നു ഞാൻ പ്രസ്താവിച്ചത്. ഗവൺമെൻറു ഔചിത്യപൂർവ്വം ആലോചിച്ചു ചെയ്യുന്നതായാൽ ഈ രണ്ടു കാര്യങ്ങളെ സംബന്ധിച്ചും ഒരു പരിഹാരമുണ്ടാകും. ൫൦ ശതമാനം ഫീസ് ധനവാന്മാരെ സംബന്ധിച്ച് കറയ്ക്കേണ്ട ആവശ്യമില്ലെന്ന് കരുതുന്നത് ശരിയല്ല, അപ്രകാരമുള്ള ധനവാന്മാരുടെ സംഖ്യയും ഇവിടെ കുറവാണ്. വിദ്യാഭ്യാസം സംബന്ധിച്ച് ഒരു വ്യത്യാസം വയ്ക്കാൻപാടില്ല. ഈ ൫൦ ശതമാനം കുറവുചെയ്യുന്നത് ഒരു തൽക്കാലവ്യവസ്ഥയായിട്ടുമാത്രം ചെയ്താൽ മതിയാകും. വിദ്യാഭ്യാസപരമായി ഇങ്ങനെ ഒരു സഹായം ഗവൺമെൻറു ചെയ്യാത്തപക്ഷം ഈ ഭയങ്കരമായ യുദ്ധപരിതഃസ്ഥിതി തുടർന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ പള്ളിക്കൂടങ്ങളിൽ പോയിക്കൊണ്ടിരിക്കുന്ന കുട്ടികളുടെ സംഖ്യ ഒന്നൊന്നായി കുറഞ്ഞു വാദ്ധ്യാന്മാരും ബഞ്ചും ഡസ്ക്കും മാത്രം പള്ളിക്കൂടങ്ങളിൽ ശേഷിക്കേണ്ടതായി വരും. നമ്മുടെ ഐശ്വര്യത്തിനുവേണ്ടി വിദ്യാഭ്യാസവിഷയകമായ വിത്തു വിതക്കുന്ന ഭൂമി വെറും ഒരു തരിശുഭൂമിയായി തീരാതെ വേണ്ടതു ചെയ്യേണ്ടതു ഗവൺമെൻറിൻെറയും ഈ സഭയുടെയും കടമയാണെന്നാണ് എൻെറ അഭിപ്രായം. ഈ കാര്യങ്ങളെല്ലാം ഏററവും പ്രധാനമായ ഒരു പ്രശ്നമായി എടുത്തു അതിനു വേണ്ട പരിഹാരമുണ്ടാക്കേണ്ടതാണെന്നും ൫൦ ശതമാനം ഫീസ് വെട്ടിക്കുറയ്ക്കുക എന്നുള്ളതു കേവലം ന്യായപൂർവ്വമായ ഒരു സംഗതിയാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

MR. K. G. GOVINDAN: Sir, I beg to offer a few observations in regard to this motion. The honourable member who moved the motion spoke at length and advanced reasons for the necessity of reducing 50 per cent. of the school fees. I have no quarrel with the learned arguments advanced by the honourable mover. I have no quarrel even if that 50 per cent. is reduced by Government but I would like to bring one aspect of the question before this honourable House. What will be the effect of reducing 50 per cent. of the fees? What will be the net effect of this reduction? My submission is that the effect of that reduction will be the abolition of cessation of almost all the private schools, I mean non-departmental schools; and consequently there would be a rush of the pupils to the departmental schools, in which case the department might find it rather difficult to accommodate all the students coming out of the non-departmental schools.

MR. K. KUNJU PANICKAR: പ്രൈവററ് സ്കൂളുകളിൽ പലതും ഫീസ് പിരിച്ച് വാദ്ധ്യാന്മാക്ക് മിതമായ ഒരു തുക കൊടുത്തിട്ട് ബാക്കി തുക മാനേജ്മെൻറ് മിച്ചം വയ്ക്കുന്നു എന്നറിയാമോ?

MR. K. G. GOVINDAN: പിരിക്കുന്നതായ ഫീസുകൊണ്ടും ചെലവു മുഴുവൻ നടക്കാത്ത സ്ഥിതിയിലിരിക്കുന്ന പള്ളിക്കൂടങ്ങളാണ് അധികം ഉള്ളത് എന്നാണ് എൻെറ അറിവ്.

[Mr. K. G. Govindan.]

Therefore there will be a rush and the department may not find it convenient or may not find it easy to accommodate all those students at once. Now this Department, Sir, is spending as is said by the honourable mover, nearly 50 lakhs of Rupees per year. In running a few, limited number of departmental schools if the department is to spend nearly Rs. 50 lakhs, a lion's share in the revenue, my submission is that more expenses will have to be met by the department if accommodation is to be given to all the students coming out of the private schools.

My submission Sir, is that the consistent policy of the department should be that the management of the departmental schools should be handed over to private agencies and thereby reduce the very large amount of expenditure that is now met by the department. A big slice of the revenue is now taken away for education. But I am aware of the fact that the present circumstances existing in this country are not congenial for such a transfer. But all the same that must be the aim of the department, that must be the aim of the Government, the consistent policy of the Government, though at present it cannot be insisted upon due to the uncongenial circumstances that is prevailing today. If that is to be the consistent policy of the Government the effect that will be produced if this motion is carried is that more number of schools will have to be conducted by the department and thereby increase the already enormous expenditure that the department has to bear. Therefore Sir, I request that this honourable House will take that matter also into consideration.

Sir, another point that I want to impress upon the House is this. This motion is, I believe intended to minimise the hardship experienced by the parents of school going children in the matter of payment of school fees. I would suggest another method for minimising the hardship. The number of instalments of payment of fees is at present eight. I would request the Government to have the number increased to ten so that there will be less hardship each time. All that is intended by this suggestion is that the hardship is divided.

MR. A. GOPALA MENON: There is a specific motion to that effect.

DEPUTY PRESIDENT: But all the same it can be referred here.

MR. K. G. GOVINDAN: Since this is a measure for minimising the hardship of the parents I thought that was relevant.

MR. M. R. NARAYANA PILLAI: May I know if there is any harm if the number of instalments is raised to twelve instead of ten.

MR. K. G. GOVINDAN: Absolutely no harm. But I think the students will not know where the fees will have to be paid because the schools will be closed for the vacation.

MR. M. R. NARAYANA PILLAI: May I know whether the same trouble does not arise if the number of instalments is made ten instead of eight.

MR. K. G. GOVINDAN: So far as I understand, the schools are closed only for about forty or fortyfive days in a year.

With these words, I support the principle contained in the motion.

MR. A. K. KUMARAN VAIDYAN : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. തിരുവിതാംകൂറിലുള്ള അനേകായിരം സാധുക്കളായ കുട്ടികൾക്ക് ആശ്വാസം നൽകണമെന്നുദ്ദേശിച്ചാണ് ഈ ഉപക്ഷേപം ഹാജരാക്കിയിരിക്കുന്നതു്. ഈ സാമ്പത്തികാധഃപതനകാലത്തു പൊതുജനങ്ങൾക്കും ഗവണ്മെൻറിനും നേരിട്ടിരിക്കുന്ന പണക്കുറവു് പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് നാം ആരായേണ്ടതെന്നാണ് എനിക്കു പറയുവാനുള്ളതു്. ഓരോ കൊല്ലവും ബഡ്ജററിൽ മിച്ചംവരുന്ന സംഖ്യ ഫീസിളവിനായി വിനിയോഗിക്കണമെന്നാണ് എൻെറ അഭിപ്രായം. ഇന്നത്തെ യുദ്ധപരിതഃസ്ഥിതിമൂലം വർദ്ധമാനമായിരിക്കുന്ന ഈ ക്ഷാമകാലത്തു അദ്ധ്യാപകൻമുതൽ ഡയറക്ടർവരെ ഉള്ളവരുടെ ശമ്പളം കുറച്ചതുകൊണ്ടു ഇതിനു ഒരു പരിഹാരം കിട്ടുമെന്നു എനിക്കു തോന്നുന്നില്ല. അങ്ങനെയായാൽ ഉദ്യോഗസ്ഥന്മാരുടെ നിത്യവൃത്തിക്ക് മതിയാകാതെവരും. വേറെ ഏതെങ്കിലും തരത്തിലുള്ള തുകകൾ ഗവണ്മെൻറിൽനിന്നും ഈ വിഷയത്തിലേക്ക് ചെലവാക്കിയാൽ മതിയാകും. ഗവണ്മെൻറിൽനിന്നും ചിലക്ക് ഫീസ്സൗജന്യം അനുവദിച്ചിട്ടുണ്ടു്. സാധാരണയായി ഇതു കിട്ടുന്നതു് സാധുക്കൾക്കല്ല. പണക്കാരായ കുട്ടികൾ പള്ളിക്കൂടങ്ങളിൽ ചേരുമ്പോൾ ഏതെങ്കിലും ഒരു മനുഷ്യനായ ആളിനെ രക്ഷകർത്താവായി വയ്ക്കും; ഗ്രാൻറുസ്കൂളുകളാണെങ്കിൽ പണക്കാരായ ആളുകളുടെ കുട്ടികൾക്കാണ് ഫീസ്സൗജന്യം നൽകുന്നതു്. അപ്രകാരമുള്ള ആളുകളെക്കൊണ്ടു് സ്കൂൾപ്രവർത്തകന്മാർക്ക് പല ഗുണങ്ങളുമുണ്ടു്. അതുകൊണ്ടാണ് അവർ അപ്രകാരം ചെയ്യുന്നതു്.

MR. KOTTALIL P. ABRAHAM : അപ്രകാരമുള്ളവർക്ക് സർട്ടിഫിക്കററു വേണമെന്നുള്ളതു് മെംബർക്കറിയാമോ?

MR. A. K. KUMARAN VAIDYAN : സർട്ടിഫിക്കററിനു യാതൊരു വിഷമവുമില്ല. ഇപ്രകാരം ഫീസ്സൗജന്യത്തിൽ ഗവണ്മെൻറിനെ കബളിപ്പിക്കാതെ സൂക്ഷിക്കണമെന്നു അപേക്ഷിക്കുന്നു. ഇതിനെ സംബന്ധിച്ച് ആരോടെങ്കിലും ചോദിച്ചാൽ അതിനു ചില ആളുകൾ പറയുന്ന മറുപടി തിരുവിതാംകൂർ ഗവണ്മെൻറിൽനിന്നും ഒരു സഹായം എനിക്കു കിട്ടുന്നതിൽ നിങ്ങൾക്ക് വല്ല ദോഷവുമുണ്ടോ എന്നാണ്. അപ്രകാരമുള്ളവരെയാണ് ഗവണ്മെൻറു് കണ്ടുപിടിച്ചു ശിക്ഷിക്കേണ്ടതും. ഈ സാമ്പത്തികാധഃപതനകാലത്തു് സാധുക്കളായ വിദ്യാർത്ഥികൾക്ക് തന്നെ ഫീസ്സൗജന്യം അനുവദിച്ചു കൊടുക്കണം. എന്നാൽ അടുത്ത കാലത്തു് ഇതിനെക്കുറിച്ചു വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ടു്. എന്നാൽ ഈ കാര്യങ്ങളിൽ ഗവണ്മെൻറു താൽപ്പര്യം പ്രദർശിപ്പിച്ചിട്ടില്ല എന്നാണ് എനിക്കു പറയുവാനുള്ളതു. ഹൈസ്കൂൾവരെ ഫീസ് കുറ

[Mr. A. K. Kumaran Vaidyan]

ഷ്കണമെന്നുള്ള അപേക്ഷയോട് ഞാൻ യോജിക്കുന്നില്ല. തേർഡ് ഫാറം വരെ എങ്കിലും ഈ ഫീസ് സൗജന്യം അനുവദിക്കേണ്ടതാണ്. ഹൈസ്കൂൾവരെ ഫീസ്സൗജന്യം അനുവദിച്ചാൽ ഗവണ്മെൻറിനു ഭീമമായ നഷ്ടമുണ്ടാകും. ഞാൻ ഇപ്പോൾ ഇവിടെ നിന്നും ഇപ്രകാരം പ്രസംഗിക്കുമ്പോൾ ഗവണ്മെൻറുഭാഗത്തുനിന്നും ഫീസ്സൗജന്യം വേണമെന്നു വാദിക്കുകയാണെന്നു വിചാരിക്കരുതു. ബഹുമാനപ്പെട്ട ഗവണ്മെൻറു അപ്രകാരം നിശ്ചയിച്ചാലും ബഹുമാനപ്പെട്ട മെംബറന്മാർ ഇതു തെററിദ്ധരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. മിഡിൽസ്കൂൾ ക്ലാസ് വരെ എങ്കിലും ഈ സൗജന്യം അനുവദിക്കുകയും ഇത്രയും അത്യാവശ്യമില്ലാത്ത സംഗതികൾക്കായി നീക്കിവച്ചിരിക്കുന്ന തുകകൾ ഇതിലേക്കു വേണ്ടി ചെലവുചെയ്കയും ചെയ്യണമെന്നപേക്ഷിക്കുന്നു.

MR. K. P. KOCHUKORA THARAKAN : മിഡിൽസ്കൂളുകളിലോ ഹൈസ്കൂളുകളിലോ ഫീസ് കൂടുതലുള്ളതു്?

MR. A. K. KUMARAN VAIDYAN : അതു് ഹൈസ്കൂളുകളിലാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവണ്മെൻറു ഈ ഫീസ്സൗജന്യം അർഹിക്കുന്ന ആളുകൾക്കുമാത്രം കൊടുക്കുകയും മിഡിൽസ്കൂൾ ക്ലാസ്‌വരെയുള്ളവർക്കു ഏതു സമുദായത്തിൽപ്പെട്ടവർക്കായാലും അതു നിർബന്ധമാക്കുകയും ഹൈസ്കൂൾ ക്ലാസുകളിൽ താരതമ്യേന പഠിപ്പിക്കാൻ നിവൃത്തിയില്ലാത്ത ആളുകൾക്കുമാത്രം അനുവദിക്കുകയും ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. TARIATHU KUNJITHOMMEN: സർ, ഞാൻ ഈ ഉപക്ഷേപത്തിൻെറ തത്വത്തോട് അനുകൂലിക്കുന്നു. സാർവ്വത്രികമായ ഫീസാനുകൂല്യം ഗവണ്മെൻറിൽനിന്നും വഹിക്കത്തക്കതാണോ എന്നു് എനിക്കു സംശയമുണ്ടു്. അതിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല, പലതരത്തിൽ സാമ്പത്തികമായി ഉന്നതനിലയിലിരിക്കുന്നവർക്ക് ഇതിൻെറ ആവശ്യമില്ല. അതായതു്; കച്ചവടക്കാർ, കൃഷിക്കാർ, ഉദ്യോഗസ്ഥന്മാർ, വക്കീലന്മാർ ഇവർക്കു ഫീസുകൊടുക്കാൻ സാധിക്കും. എന്നാൽ എല്ലാവർക്കും ഈ സൗജന്യം ലഭിക്കുന്നതു് നല്ല കാര്യമാണെങ്കിലും നമ്മുടെ സാമ്പത്തികനില ഗവണ്മെൻറിൻെറ സാമ്പത്തികനില അതിനു് പര്യാപ്തമാണെന്നു തോന്നുന്നില്ല. ഇപ്പോൾതന്നെ അമ്പതുലക്ഷം രൂപയ്ക്കുമേൽ, യൂണിവേഴ്സിററി ഉൾപ്പെടെ വിദ്യാഭ്യാസച്ചിലവിനു വേണ്ടിവരുന്നു. അതുകൊണ്ടു് ഈ ഫീസാനുകൂല്യം കൊടുക്കേണ്ടതു ഏതെങ്കിലും ന്യായമായ ഒരു തോതുവച്ചു വേണമെന്നാണു എനിക്കു തോന്നുന്നതു്. അതു് സെൻസസ്റിപ്പോർട്ടിൽ കാണുന്നതുപോലെ മൊത്തത്തിലുള്ള വിദ്യാഭ്യാസനിരക്കു എന്താണോ അ

തിൽ പകുതിപോലും വിദ്യാഭ്യാസനിരക്കിൽ എത്തിയിട്ടില്ലാത്ത പല സമുദായങ്ങളുമുണ്ടു്. അതു് അവരുടെ ദാരിദ്ര്യംകൊണ്ടായാലും പ്രവേശനമില്ലാതിരുന്നതുകൊണ്ടായാലും കാരണമെന്തായാലും കാര്യമങ്ങിനെയാണെങ്കിൽ ശരാശരിയുള്ള വിദ്യാഭ്യാസനിരക്കിൽ പകുതിപോലും എത്തിയിട്ടില്ലെന്നു കാണുന്ന സമുദായങ്ങൾക്കു് ഈ ആനുകൂല്യം കൊടുക്കണം. അവർക്കു് വേറെ പല ആനുകൂല്യങ്ങളും കൊടുക്കണം. അടിമത്വത്തിൽ ആണ്ടുകിടക്കുന്ന പുലയർ, പറയർ, മുതലായ വിഭാഗക്കാർക്കു് അങ്ങേഅററംവരെ ഫീസ് സൌജന്യം അനുവദിക്കണം. എല്ലാ വിഭാഗക്കാരെയും കരുതാൻ നിവൃത്തിയില്ല. എന്തെന്നാൽ വിഭാഗസമൃദ്ധമായ ഒരു സദ്യയാണു്, അതു മേശപ്പുറത്തു വിളമ്പിയാൽ അവർ അതു കണ്ടുകൊണ്ടിരിക്കുകയേ ഉള്ളൂ., കുരുടനു സൂര്യപ്രകാശമോ രാജവീഥിയിലെ വിളക്കുകൊണ്ടോ ഒരു പ്രയോജനവുമില്ല. ഇതുപോലെയാണു് നമ്മുടെ മഹാവിദ്യാലയദീപങ്ങളായ കാളേജുകൾകൊണ്ടു് പുലയർക്കും പറയർക്കും, തൽക്കാലം യാതൊരു പ്രയോജനവുമില്ല. അടിമത്വത്തിൽ ആണ്ടുപോയിരുന്ന ആ സമുദായങ്ങൾക്കു വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കം നില്ക്കുന്നവക്കും മുഴുവൻ ഫീസ് സൗജന്യം അനുവദിക്കുകയും, ശരാശരി വിദ്യാഭ്യാസനിരക്കിൽ പകുതിപോലും എത്തിയിട്ടില്ലാത്ത സമുദായങ്ങൾക്കു പകുതിഫീസ് അനുവദിക്കുകയും ചെയ്യുന്നതായാൽ വളരെ പിന്നോക്കം കിടക്കുന്ന അവശസമുദായങ്ങൾക്കു് വിദ്യാഭ്യാസം ലഭിക്കുന്നതിനു് സൗകര്യം ലഭിക്കും. അതല്ലാതെ സാർവ്വത്രികമായ ഫീസ്സൗജന്യം സാദ്ധ്യമല്ല. ഈ സൗജന്യം എല്ലാവർക്കും കിട്ടിയാൽ കൊള്ളാം. എന്താണു കിട്ടാൻ പാടില്ലാത്തതു്?

MR. P. KUNJUKRISHNAN: ധനവാന്മാർ എത്ര ശതമാനം കാണുമെന്നു് പറയാമോ?

MR. TARIATHU KUNJITHOMMEN: എന്തായാലും അവരെ ഇതിൽനിന്നും ഒഴിക്കാമല്ലോ. പ്രതിമാസം ഒരു ചെറിയ തുക ഫീസിനത്തിൽ ചിലവുചെയ്യാൻ സാധിക്കാത്തവർ കുറയും.

MR. P. KUNJUKRISHNAN: ഇങ്ങനെയുള്ളവരെ ഇതിൽനിന്നും ഒഴിവാക്കുന്നതിനു് എന്തെങ്കിലും മാർഗ്ഗമുണ്ടോ?

MR. TARIATHU KUNJITHOMMEN: മാർഗ്ഗമാണല്ലോ ഞാൻ പറയുന്നതു്. കാരണമെന്തായാലും കാര്യം നമുക്കു നോക്കാം. ശരാശരി വിദ്യാഭ്യാസത്തോതു് പകുതിപോലും ലഭിച്ചിട്ടില്ലാത്തവർക്കു് ഈ സൗജന്യം നൾകണമെന്നാണല്ലോ ഞാൻ പറയുന്നതു്.

MR. M. R. NARAYANA PILLAI: ഇപ്പോൾ ഈ സംസ്ഥാനത്തു സക്കാർസ്കൂളുകളാണോ അധികമുള്ളതു് പ്രൈവററുസ്കൂളുകളാണോ അധികമുള്ളതു?

MR. TARIATHU KUNJITHOMMEN: പ്രൈവററ് സ്കൂളുകളായിരിക്കും അധികം.

MR. M. R. NARAYANA PILLAI: ഫീസു കുറയ്ക്കുന്നതു് സക്കാർസ്കൂളുകളിലാണെങ്കിലും അതു് പ്രൈവററുസ്കൂളുകൾക്കുകൂടി ബാധകമാകുകയില്ലേ?

MR. TARIATHU KUNJITHOMMEN: അവരേയും ബാധിക്കും. എന്നാൽ ഈ ഫീസ് സൗജന്യം അനുവദിക്കുന്നതുകൊണ്ടു് പ്രൈവററുസ്കൂളുകൾക്കു് നേരിടാവുന്ന നഷ്ടം ഗവണ്മെൻറു വഹിച്ചുകൊണ്ടാൽ മതി. അംഗീകൃതപാഠശാലകളാണു് ഇവിടെ അധികമുള്ളതു്. ഇപ്പോൾ ഗവണ്മെൻറുസ്കൂളുകളിൽ പഠിക്കുന്നവരെക്കാൾ അധികം കുട്ടികൾ പ്രൈവററുസ്കൂളുകളിൽ പഠിക്കുന്നുണ്ടു്. പ്രൈവററുസ്കൂളുകളിൽ വിദ്യാഭ്യാസാധികൃതന്മാരുടെ മേൽനോട്ടവുമുണ്ടു്, സ്കൂൾ മാനേജരന്മാരുടെ മേൽനോട്ടവുമുണ്ടു്. ഫലവും അവിടെയാണു് കൂടുതൽ ഉള്ളതു്. ചിലവും കുറവാണു്. അതുകൊണ്ടു് ആ സ്ഥാപനങ്ങളെ തകർക്കുന്നതു് അത്ര നന്നല്ല. ഇതു് എൻെറ സമുദായത്തിൽപ്പെട്ടവർ അധികം സ്കൂളുകൾ നടത്തുന്നതുകൊണ്ടു് പറയുകയാണെന്നു് പറയുമായിരിക്കാം. ഞാൻ സിറിയൻകത്തോലിക്കരുടെ കാര്യത്തിൽ വളരെ ഉൽസുകനാണെന്നു് പ്രോവൈസ്ചാൻസലർതന്നെ പറയുകയുണ്ടായി. എൻെറ മാന്യസ്നേഹിതൻ ബ്രാഹ്മണരിൽ എത്ര ഉൽസുകനാണോ, അതുപോലെതന്നെ എൻെറയും അവസ്ഥ. ഞങ്ങൾ മഹാരാജാവു തിരുമനസ്സിലെ സാക്ഷാൽ പ്രജകളാണു്. വിദേശികളും മററുമല്ലാ. എല്ലാ സമുദായക്കാരെയും സമഭാവനയോടുകൂടി ഗവണ്മെൻറു ഗൗനിക്കേണ്ടതാണു്. ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഈ അഭിപ്രായം അത്ര നല്ലതല്ലെന്നാണു് എനിക്കു തോന്നുന്നതു്. സാമ്പത്തികനിലയിൽ വളരെ അധഃപതിച്ചുകിടക്കുന്നവർക്കു് വേണ്ട സഹായം ചെയ്യേണ്ടതു് അത്യാവശ്യമാണു്.

MR. P. KUNJUKRISHNAN: ഇതിലേക്കു് പ്രായോഗികമായ മാർഗ്ഗങ്ങൾ വല്ലതുമുണ്ടോ?

MR. TARIATHU KUNJITHOMMEN: മാർഗ്ഗം ഉണ്ടു്. അതാണല്ലോ ഞാൻ പറയുന്നതു്. ഉയർന്ന വിദ്യാലയങ്ങളിൽ സാധുക്കൾക്കു് പുസ്തകങ്ങളും മററും വാങ്ങി കൊടുക്കണം. അതുപോലെ അവർക്കു് ജനസംഖ്യയുടെ വീതപ്രകാരമുള്ള വിദ്യാഭ്യാസമില്ലെങ്കിൽ അവർക്കു് കൊടുക്കേണ്ട അംശം കൊടുത്താൽ മതി. എല്ലാവർക്കും സാർവ്വത്രികമായ ആനുകൂല്യം അനുവ

ഭിക്കുന്നതിന് സാദ്ധ്യമല്ല. എങ്കിലും ചില പ്രത്യേക വ്യവസ്ഥകളോടു കൂടി ഇക്കാര്യത്തിൽ വേണ്ടതു പ്രവർത്തിക്കണമെന്നപേക്ഷിച്ചുകൊണ്ടു ഈ പ്രമേയത്തിന്റെ തത്വത്തോടു് ഞാൻ പൂർണ്ണമായി യോജിക്കുന്നു.

MR. M. R. NARAYANA PILLAI : I move that the question be nowput.

DEPUTY PRESIDENT : I think this is an important matter on which various aspects of the question have to be dealt with and I do not think it has been fully dealt with.

MR. PUTHUPALLI S. KRISHNA PILLAI : Sir, it cannot be said that this motion has been fully discussed.

DEPUTY PRESIDENT : If there are other honourable members who wish to speak, I am prepared to give them time.

MR. C. JEBAMONY NADAR : Sir, *இந்தப்பிரமேயத்துடன் நானும் அனுகூலிக்கிறேன். தற்போது இந்த நாட்டின் பொருளாதார நிலைமை மிகப் பரிதாபம். ஆகையால் பொதுமக்களுக்கு இப்போதிருக்கும் சிலவுகளைக் குறைப்பது பொதுஜனக்ஷேமத்திற்கு அவசியமென்பதை எவரும் ஒப்புக்கொள்வார்கள். இதற்கு ஓர் பிரதான மார்க்கம் பள்ளிக்கூடப்பீஸைக் குறைப்பதே.*

இப்போது எல்லாப் பெற்றோரும் தமது பிள்ளைகளைப் படிப்பிக்க ஆவலுடையவர்களாக இருக்கிறார்கள். அது நியர்யமான ஆசை தான். நாட்டின் புரோகதிக்கும் அது இன்றியமையாதது. ஆனால் பள்ளிக்கூடபீஸ் மிதமிஞ்சியிருப்பதால் சிலர் தங்கள் வஸ்துக்களை விற்று தங்கள் பிள்ளைகளை படிப்பிக்கவேண்டியதாயிருக்கிறது. ஆகவே சில குடும்பங்கள் அதோகதியாகிவிடுகின்றன. சிலர் கடன் தொல்லைக்கு ஆளாகிறார்கள். ஆகையால் பள்ளிக்கூடங்களில் பீஸைக் குறைத்தால் இவ்வித கஷ்டங்கள் குறையும். அது காரணம் பற்றி நாட்டின் பொருளாதார நிலைமையும் நன்றாகும். ஆகையால் பீஸ் குறைக்க வேண்டுமென்பது ஓர் நியாயமான வேண்டுகோள்.

பீஸைக்குறைத்தால் கல்வி இலாகா எப்படி நடக்குமென்று சர்க்கார் நினைக்கலாம். அவ்விதக் கவலையை சுலபமாக நீக்க ஓர் லேசான வழியுண்டு. அதாவது எவ்வளவு பீஸ்குறைக்கப்படுகிறதோ, அதைக்கணக்காக்கி, அத்தொகையை உபாத்தியாயர்கள் சம்பளத்தில் குறைவு செய்ய வேண்டும். இங்கிலீஷ் ஹைஸ்கூல் ஆசிரியர்களுக்கு இப்போதிருக்கும் சம்பள நிறப்பைப் பார்த்தால் அவர்களுடைய சம்பளத்தில் மாதம் பத்தோ பதினைந்தோ ரூபாய்களைக் குறைத்தாலும் அவர்கள் தங்கள் ஜோலிகளை விட்டுப் போகமாட்டார்கள் என்பது விளங்குகிறது. அவர்கள் சம்பளத்தில் வரும் குறைவு அவர்கள் பிள்ளைகளுக்கு அவர்கள் கொடுக்க வேண்டிய பீஸில் வரும் குறைவுகொண்டு சரியாகிவிடும். ஆகவே அநேகம் பிள்ளைகள் உள்ள உபாத்தியாயர்களுக்கும் லாபந்தான். மற்றும் டிபார்ட்டுமெண்டு சம்பளங்களோடு ஒத்துப்பார்த்தால் கல்வி இலாகாவின் ஆசிரியர்களின் சம்பளம் மிகக் கூடுதல் என்றே நான் கருதுகிறேன்.

இதுவுமன்றி படிப்பிப்பவரின் கஷ்டத்தைக் கூட்டி படிப்பித்து கொடுப்போரின் நலத்தை கூட்டுவது நீதியல்ல. இரு திறத்தாரையும் ஒரே நிலையில் பாமரிப்பது சர்க்காரின் கடமையாகும். இப்படியல்லா

[Mr. C. Jebamony Nadar.]

மல் ஒருவரை உயர்த்தி இன்னொருவரைத் தாழ்த்தும் ஓர் ஏற்பாடு சரியானதல்ல. பள்ளிக்கூட பீஸை ஒன்றுபாதியாகக் குறைப்பது எல்லோருக்கும் நன்மையாகவேயிருக்கும்.

ஏன் இங்கிலீஷ் படிக்கவேண்டும் என்று கேட்கலாம். தற்கால உலக நாகரீகத்தையும், வியாபாரநிலை, விவசாய நிலை முதலியவற்றையும் ஆராயும்போது ஹைஸ்கூல் கல்வி பல தொழில் துறைகளுக்கும் அவசியமானதாகவே காணப்படுகிறது. தமிழோ, மலையாளமோ அறிந்த ஒருவனுக்கு மற்ற நாடுகளுடன் வியாபாரம் நடத்துவதும் ஆங்கிலத்தில் எழுத்துப்போக்குவரத்துக்கள் செய்வதும், ஆங்கிலேய பத்திரங்கள் மூலம் சரக்குகளின் அப்போதைக்கப்போதுள்ள விலைகளை அறிவதும் வருத்தமாகவேயிருக்கும். இதுபோலவே விவசாயத்தொழில்களில் ஏற்படுபவருக்கும் Chemistry Physics முதலிய சாஸ்திரங்கள் படிப்பது உபகாரமாகத்தான் இருக்கும். ஹைஸ்கூலில் படிப்பவர்களெல்லோரும் சர்க்கார் ஜோலி அபேக்ஷகர் என்ற அபிப்பிராயம் மாறவேண்டிய காலம் வந்துவிட்டது. E. S. L. C. பரீக்ஷையில் தேறுவது வருத்தமானதென்று இந்த வருஷபரீக்ஷை தோற்றவரின் எண்ணத்திலிருந்து சர்க்கார் வெளியாக்கிவிட்டார்கள். ஆகவே அநேக மாணவர்கள் சர்க்காரிடம் ஜோலிக்காக மனு செய்யமாட்டார்கள் என்றாலும் வியாபாரம், விவசாயம், கைத்தொழில் முதலானவைகளில் ஜெயத்துடன் அவர்கள் ஜீவிக்க உதவிசெய்வது சர்க்காரின் கடமை என்பதை நினைப்பூட்டிக் கொள்கிறேன். பீஸ் குறைக்காவிடில், ஆஸ்திக்காரர்களும், முன்னேற்ற சமுதாயங்களும் மேலும் புரோகதியடைந்து உத்தியோக உலகத்திலும் முன்வருவார்களேயன்றி ஏழைகளும் பின்னேற்ற சமுதாயத்தவரும், புரோகதியடைவது முடியாததாகிவிடும்.

கல்வி இலாகாவின் 1116 ம் ஆண்டின் ரிப்போர்ட்டைப் பார்த்தால் கல்வி இலாகாத் தலைவரும் இப்பிரமேயத்தை அனுகூலிப்பார்களென்றே நினைக்கிறேன். ரிப்போர்ட்டு 6-வது பக்கத்தில் மாணவர்களின் ரக்ஷகர்த்தாக்களின் ஜோலி அட்டவணை கொடுக்கப்பட்டிருக்கிறது. அது பின்வருமாறு சிலபாகம் மாத்திரம் வாசிக்கிறேன்.

Occupation of parents or guardian.	1115	1116
Government servants	45489	45745
Teachers in private schools	12838	13536
Land lords	6843	8979
Farmers, Servants	43109	115667
Farmers, owners	251578	244677
House holders	28099	23904
Traders	91259	39908
Artisans	20151	16005
Day labourers.	136279	134400

இதிலிருந்து சர்க்கார் உத்தியோகஸ்தர்களும், உபாத்தியாயர்களும், ஜென்மிகளும், தங்கள் பிள்ளைகளை கூடுதலாக படிப்பிப்பதாகவும், வஸ்து உடமஸ்தன்மாரான கிருஷிகரும், வியாபாரிகளும், கைத்தொழில் செய்வோரும், மற்றும் உழைப்பாளிகளும் தமது பிள்ளைகளை ஹைஸ்கூல் கல்விக்கு அனுப்ப சக்தி குறைந்து வருபவர்களாகவே காணப்படுகிறார்கள்.

DEPUTY PRESIDENT: Order, order. The House will now adjourn and meet again at 11 o' clock to-morrow.

The House adjourned at 5 P. M.

V. S. ARUMUKHOM PILLAI,
Secretary, Sri Mulam Assembly.